# അക്ഷരച്ചെപ്പ്

( ഡിജിറ്റൽ മാഗസിൻ )

**(2018-19)**



# ഗവ എച്ച് എസ് എസ് മാരായമുട്ടം

# അക്ഷരച്ചെപ്പ്

( ഞങ്ങളുടെ കുട്ടി പട്ടങ്ങൾ തയ്യാറാക്കിയ ഡിജ്ജിറ്റൽ മാഗസിൻ )

# താളുകളിലൂടെ........................................


1 . ഞങ്ങളുടെ വഴികാട്ടി ........................................................................................ 1
2 . സ്കൂൾതല നിർവ്വഹണ സമിതി ........................................................................ 2
3 . ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് .............................................................................. 3
4 . അമ്മ ( കവിത ) ........................................................................................... 4
5 . എന്റെ മലയാളം ( കവിത ) ............................................................................ 5
6 . എന്റെ വിദ്യാലയം ( കവിത ) ......................................................................... 6
7 . മാരായമുട്ടത്തിന്റെ നാടോടിവിജ്ഞാനീയം .................................................... 7 - 8
8 . കാലവും കലോത്സവവും വിദ്യാർത്ഥികളിൽ .................................................... 9 - 11
9 . എന്റെ കേരളം ( കവിത ) ............................................................................ 12
10 . കുത്തിക്കുറിക്കുമോ ( ചെറുകഥ ) ................................................................. 13 -15
11 . എന്റെ ഗ്രാമം .........................................................................................16 -17
12 . ജീവിത സാഗരം ....................................................................................... 18 - 19
13 . ഓക്സിജൻ കേന്ദ്രങ്ങൾ ( ചെറുകഥ ) ............................................................ 20
14 . ഒരു കൈത്താങ്ങിനായ് ( കവിത ) ............................................................... 21 - 22
15 . അമ്മയുടെ വാത്സല്യം ( കവിത ) .................................................................. 23
16 . ക്ഷമ ജീവിതവിജയത്തിന് ........................................................................... 24 - 25
17 . എന്റെ ഭാരതം ( കവിത ) ............................................................................ 26
18 . തീപ്പെട്ടി വിൽക്കുന്ന പെൺകുട്ടി ( ചെറുകഥ ) .................................................. 27
19 . ഡൽഹി ( യാത്രാവിവരണം ) ........................................................................ 28
20 . ജോണിയുടെ വീട് ( ചെറുകഥ ) .................................................................... 29
21 . പൂങ്കാവനം ( കവിത ) ................................................................................. 30
22 . ആകാശപ്പഴം ( ചെറുകഥ ) ........................................................................... 31
23 . പ്രകൃതി തൻ കോപത്തിനിടയിൽ ( കവിത ) ................................................... 32 - 33
24 . പൈതലിൻ ക്രൂരത ( കവിത ) ....................................................................... 34
25 . മുത്തശ്ശിയുടെ ജാനകിക്കുട്ടി ( ചെറുകഥ ) ...................................................... 35 - 36
26 . മാതൃത്വം ( കവിത ) .................................................................................... 37
27 . വിദ്യാപീഠം ( കവിത ) ................................................................................. 38
28 . മോഹം ( കവിത ) ........................................................................................ 39
29 . മുല്ലതൻ സൗന്ദര്യം ( കവിത ) ...................................................................... 40
30 . സുന്ദരവനവും കുയിലമ്മയും ( ചെറുകഥ ) ..................................................... 41- 42
31 . മാതൃസ്നേഹം ( കവിത ) .............................................................................. 43 - 44
32 . സൂര്യകാന്തി ( കവിത ) ................................................................................ 45

33 . സത്യസന്ധത ( ചെറുകഥ ) ........................................................................ 46
34 . മടിയുള്ള പഴം ( ചെറുകഥ ) ........................................................................ 47- 48
35 . വിശ്വമേ സത്യം ( കവിത ) ........................................................................ 49 - 51
36 . പൂവേ നീ മായല്ലേ ( കവിത ) ........................................................................ 52
37 . ഹാ ! സുന്ദരമീ വിദ്യാലയം ( കവിത ) ........................................................ 53
38 . സ്നേഹം പകർന്നിടാം ( കവിത ) ........................................................................ 54
39 . വിശ്വാസം ( ചെറുകഥ ) ........................................................................ 55
40 . സ്വന്തം കാര്യം ( ചെറുകഥ ) ........................................................................ 56
41 . സൂര്യൻ ( കവിത ) ........................................................................ 57
42 . ഒഴുകമീ വേദന ( കവിത ) ........................................................................ 58 - 59
43 . സ്നേഹം ( കവിത ) ........................................................................ 60
44 . റോഡിൽ പൊലിഞ്ഞ ജീവൻ ( ചെറുകഥ ) ................................................ 61 - 62
45 . രക്ഷയ്ക്ക് ഒരു വള്ളി ( ചെറുകഥ ) ........................................................................ 63 - 64

**************

# ഞങ്ങളുടെ വഴികാട്ടി



(ഹെഡ്മാസ്റ്റർ ശ്രീ റോബർട്ട് ദാസ് )

കഠിനാദ്ധ്വാനത്തിന്റേയും ആത്മാർത്ഥസേവനത്തിന്റേയും പ്രതീകമെന്ന നിലയിൽ അറിവിന്റെ നിറ ജ്യോതിസ്സായി ജ്വലിച്ചു നിൽക്കുകയാണ് മാരായമുട്ടം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ. നാട്ടുകാർക്കും, വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും അഭിമാനിക്കാവുന്ന നേട്ടങ്ങളുമായി ഇന്റർനാഷണൽ നിലവാരത്തിലേക്ക് ഉയർന്നു നിൽക്കുന്ന ഈ സരസ്വതീക്ഷേത്രത്തിലെ കൊച്ചുകൂട്ടുകാരുടെ , "ലിറ്റിൽകൈറ്റ്സ് "- ന്റെ ആദ്യ സംരംഭമായ "അക്ഷരച്ചെപ്പ്" ന് എന്റെ എല്ലാ വിധ ആശംസകളും........

# സ്കൂൾതല നിർവ്വഹണ സമിതി

* ചെയർമാൻ - ശ്രീ ഉണ്ണി എച്ച് ( പിറ്റിഎ പ്രസിഡന്റ് )

* കൺവീനർ - ശ്രീ റോബർട്ട് ദാസ് ഡി ( ഹെഡ്മാസ്റ്റർ )

* വൈസ് ചെയർമാൻമാർ - ശ്രീമതി ശ്രീലേഖ ( മദർ പിറ്റിഎ പ്രസിഡന്റ് )

ശ്രീ ശ്രീജിത്ത് ( പിറ്റിഎ വൈസ് പ്രസിഡന്റ് )

* ജോയിന്റ് കൺവീനർ - ശ്രീമതി റോളിൻ പെട്രീഷ്യ ( കൈറ്റ് മിസ്ട്രസ്സ് )

ശ്രീമതി സന്ധ്യ ( കൈറ്റ് മിസ്ട്രസ്സ് )

* സാങ്കേതിക ഉപദേഷ്ടാവ് - ശ്രീമതി സന്ധ്യ ( സ്കൂൾ ഐടി കോ - ഓർഡിനേറ്റർ )

* കുട്ടികളുടെ പ്രതിനിധികൾ - ഗണേഷ് ജെ പി ( ലിറ്റിൽ കൈറ്റ്സ് ലീഡർ )

ആദിത്യ ജെ പി (ഡെപ്യൂട്ടി ലീഡർ )

ആദർശ്കുമാർ എസ് എ ( സ്കൂൾ ലീഡർ )

ആദിത്യ ബി എ ( ഡെപ്യൂട്ടി ലീഡർ )

******************

# ഞങ്ങൾ ലിറ്റിൽകൈറ്റ്സ്





# അമ്മ



ഓർമ്മകൾ പൂവിട്ടും എന്നമ്മ
എന്റെ ഹൃദയത്തിൻ ദേവിയായ് എന്നമ്മ
താരാട്ടു പാട്ടുകൾ പാടി
എന്നെ താലോലമാട്ടുന്നതമ്മ.
വീടിന്റെ ഐശ്വര്യനിലവിളക്കാണമ്മ
തളിരിളം നെറ്റിത്തടത്തിൽ നല്ല -
ഉമ്മ തരുന്നതുമമ്മ
മാറോട്ടു ചേർക്കുന്നതുമമ്മ.
വാത്സല്യ നിധിയാണെന്റ അമ്മ
ഏവർക്കും തുണയായി എന്റെയമ്മ
പഞ്ചാര പുഞ്ചിരി തൂകുന്നോരമ്മ
കൊഞ്ചിച്ചുണർത്തുന്നോരമ്മ.
ദുഃഖമെന്ന ദോഷത്തെ അകറ്റി നിറുത്തി
സന്തോഷ പൂക്കൾ വിതറുമമ്മ
എപ്പോഴും വാരി പുണരുമമ്മ
എന്നും മാമു തരുന്നതുമമ്മ.
തെറ്റുകൾ ചെയ്യുമ്പോൾ നമ്മെ -
നേരേ വഴികാട്ടുന്നതുമമ്മ
എൻ സ്വപ്നങ്ങൾ എല്ലാം
നിറവേറ്റി തരുന്നതുമമ്മ.
കണ്ണിന്റെ കണ്ണായ് കരളിന്റെ കരളായി
നിത്യവുമെന്നെ പോറ്റിവളർത്തുന്നതുമമ്മ
അമ്മയെ സ്നേഹിച്ചീടേണം
പാരിൽ അമ്മ നമുക്കൊരു ദൈവം.

ദേവിക ആർ കെ
8 A

# എന്റെ മലയാളം




എത്ര സുന്ദരമെൻ മലയാളം
വെൺ വൈഡൂര്യക്കല്ല് പോലെ
എത്ര ആസ്വാദ്യകരം മലയാളം
നറുകിളിക്കൊഞ്ചൽ പോലെ
കോകില ജാലം തൻ ഈണം പോലെ
കേകി നിര തൻ നാട്യം പോൽ
മാധുര്യമീ ചെറു മലയാളം
തേൻ കട്ടകൾ പോലെ
നറുതേൻ തുള്ളികൾ പോലെ
കാനന പൊയ്കയിൽ നീരാടുന്നൊരു
സൗന്ദര്യവതിയാണെൻ  മലയാളം
മന്ദമാരുതനായി വീശിനടക്കും
കുളിർലോലുപതി മലയാളം
എത്ര സുന്ദരമെൻ മലയാളം
ഹായ് എത്ര കൗതുകമീ മലയാളം
എത്ര സുന്ദരമെൻ മലയാളം
നറു സ്വർണ്ണമാളികകൾ പോലെ.

ജോഷ്മി ജെ എസ്
8 F

**6**

# എന്റെ വിദ്യാലയം



എത്ര സുന്ദരം എന്റെ വിദ്യാലയം
എത്ര മനോഹരം എന്റെ വിദ്യാലയം
നിറയുന്ന വർണ്ണങ്ങളാൽ എന്റെ വിദ്യാലയം
ശോഭ വിടർത്തും ശലഭങ്ങളാൽ
ഒരു മലർവാടി എന്റെ വിദ്യാലയം
സുഗന്ധം പകരും പൂക്കളും
തേൻ നുകരും വണ്ടുകളും
സംഗമം ചെയ്യുന്നിവിടെ
ജ്ഞാന കേന്ദ്രമാണെൻ വിദ്യാലയം
അറിഞ്ഞിരുന്നില്ല ഞാനൊന്നും
പക്ഷേ അറിയാതെ നിറഞ്ഞു എൻ അകം
സമത്വ സുന്ദരമാണെൻ വിദ്യാലയം
സുഖ ദുഃഖങ്ങളും സന്തോഷ സന്താപങ്ങളും
പങ്കുവച്ചു ഞങ്ങളൊരുമിച്ച്
ആ നിമിഷങ്ങൾ ഏറ്റവും ശ്രേഷ്ഠം
സമ്പാദിച്ചു ഞാൻ വിദ്യാലയത്തിൽ നിന്നും
സൗഹൃദ ജീവിതം മുഴുവനും
മറക്കുവാനാകുമോ എനിക്ക്
മനസ്സിൽ നിറയുമെൻ സ്മരണകൾ...

# മാരായമുട്ടത്തിന്റെ നാടോടി വിജ്ഞാനീയം

ചടച്ചി മാർത്താണ്ടൻ പാലം - തിരുവിതാംകൂർ ഭരിച്ചിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഉറ്റ സുഹൃത്ത് ആയിരുന്നു ചടച്ചി മാർത്താണ്ഡൻ. അദ്ദേഹം അതീവ ബുദ്ധിമാനായിരുന്നു. അദ്ദേഹം നടുതല വീട് എന്ന പ്രശസ്ത തറവാട്ടിലെ അംഗമാണ്. ഒപ്പം മഹാരാജാവിന്റെ പ്രത്യേക പ്രീതിയ്ക്ക് പാത്രമായിരുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി മാരായമുട്ടത്ത് ചിറ്റാറിന് കുറുകെ ഒരു പാലം പണിതിട്ടുണ്ട്. ഇതാണ് ചടച്ചി മാർത്താണ്ടൻ പാലം.

നടുവില വീട് - ചടച്ചി മാർത്താണ്ടന്റെ തറവാടാണ് നടുവില വീട്. കുടുംബത്തിൽ തലമുറ അന്യം നിന്ന ഘട്ടത്തിൽ ഒരു പെൺകുട്ടിയെ ദത്തെടുത്തു. ആ കുട്ടിയിൽ നിന്നാണ് പിന്നെ വംശം നിലനിന്നത്. നാലുകെട്ടും ധാരാളം വസ്തുക്കളും ഉള്ള ഒരു തറവാടായിരുന്നു നടുവില വീട്. ഇന്നും അതിലെ അംഗങ്ങൾ ആ പ്രദേശത്തുതന്നെയുണ്ട്.

കുഴിതാലംകോട് വീട് - മാരായമുട്ടം നീലകേശി ക്ഷേത്രത്തിന്റെ ഉത്ഭവം കുഴിതാലം കോട് വീടുമായി ബന്ധപ്പെട്ടതാണ്. ഈ വീട്ടിലെ കാരണവർ ആറ്റിൽ കുളിയ്ക്കാൻ പോയപ്പോൾ ഒരു അടയ്ക്കാ കിട്ടി. ആ അടയ്ക്കാ മുറിച്ച് നോക്കിയപ്പോൾ രക്തം കണ്ടു. കാരണവർക്ക് ദേവീദർശനം ഉണ്ടായി. അങ്ങനെ കാരണവർ മുടിപ്പുര പണിതു. ആദ്യകാലത്ത് മൂന്ന് മുടി ഉണ്ടായിരുന്നത്രേ. പക്ഷേ പിന്നീട് അത് രണ്ടായി മാറി എന്നാണ് ഐതീഹ്യം.

മാരായമുട്ടം ചന്ത - വളരെ പ്രശസ്തമാണ് മാരായമുട്ടം ചന്ത. ബാലരാമപുരം , ആനാവൂർ , നെയ്യാറ്റിൻകര , ചെമ്പൂര് പ്രദേശത്തുള്ളവർ ഈ ചന്തയിൽ ചരക്കുകളുമായി വന്നിരുന്നു.തിങ്കൾ , വ്യാഴം ദിവസങ്ങളിൽ വെളുപ്പിന് മൂന്നു മണി മുതൽ ചന്ത പ്രവർത്തനം ആരംഭിയ്ക്കും. കാളവണ്ടികൾ മാരായമുട്ടം നിരത്തിലെ ഒരു അത്ഭുത കാഴ്ച ആയിരുന്നു.

ഞാറ്റടി - വിത്ത് വിതയ്ക്കാൻ വേണ്ടി പാടത്തിന്റെ ഒരു ഭാഗം മാറ്റി വയ്ക്കും. ഇതിനെ ഞാറ്റടി എന്നു പറയുന്നു.

ഇലവടി - കൊയ്ത്ത് കഴിഞ്ഞ് കറ്റക്കെട്ട് ഒന്നിനു മീതെ ഒന്നായി അടുക്കിവയ്ക്കും. പിന്നീട് ഇതിനെ കളത്തിലിട്ട് തലങ്ങും വിലങ്ങും അടിയ്ക്കും. ഇതാണ് ഇലവടി.

ചൂടടി - ഇലവടി കഴിഞ്ഞതിനു ശേഷം കറ്റ കെട്ടാക്കാതെ അടുക്കി വയ്ക്കും . ഒരാഴ്ചയ്ക്ക് ശേഷം നീളൻ വടികൾ എടുത്ത് വേഗത്തിൽ അടിച്ച് ബാക്കി ഇരിക്കുന്ന നെൻമണികളെ കൊഴിയിക്കും. ഇതാണ് ചൂടടി.

# കാലവും കലോത്സവവും വിദ്യാർത്ഥികളിൽ



കലോത്സവം - അതായത് കലകളുടെ ഉത്സവം , അല്ലെങ്കിൽ യുവജനങ്ങളുടെ ഉത്സവമായ കലോത്സവം വിദ്യാർത്ഥികൾക്ക് ഏറ്റവും വിശേഷപ്പെട്ട ഒന്നുതന്നെയാണ്. അതിനു പുറമേ കാലിക ജീവിതത്തിൽ കേരളത്തിൽ കലകളുടെ പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.കൂടാതെ മലയാളത്തേയും മലയാളത്തിന്റെ മികവിനേയും ആവിഷ്ക്കരിക്കുവാനും അവതരിപ്പിക്കുവാനും ഏറ്റവും മികച്ച വേദി തന്നെയാണ് കലോത്സവങ്ങൾ. പക്ഷേ ആധുനിക ജീവിതം കലയുടെ മാഹാത്മ്യം തിരിച്ചറിയാതെ കലയുടെ കൃത്യമായ ആവിഷ്ക്കാര ശൈലിയോ ആവിഷ്ക്കാര രീതിയോ മനസ്സിലാക്കാതെ അവരുടെ കോപ്രായങ്ങൾ കാട്ടുവാനുള്ള വേദിയാക്കി മാറ്റുകയാണ് ചെയ്യുന്നത്.

കലകളിലൂടെ കേരളത്തിന്റെ തനിമ മുതിർന്നവർക്കു പുറമേ നാമോരോരുത്തരുമുൾപ്പെടുന്ന വിദ്യാർത്ഥികൾക്കും കലയുടെ പെരുമയും , പഴമയും ,പ്രാധാന്യവും മനസ്സിലാക്കുന്നതിനും കലകളെ ആധുനിക സമൂഹത്തിനും കൂടി പകർന്നു നല്കുന്നതിനും ഉതകുന്നതാണ് കലോത്സവങ്ങൾ.കലകൾക്കു പുറമേ

കാര്യശേഷി കൂടി വിദ്യാർത്ഥികളിൽ ഉരുവാകുന്നതു കൂടി നമുക്ക് ദർശ്ശിക്കുവാൻ സാധിക്കും . കലോത്സവങ്ങളിലൂടെ നമ്മുടെ കഴിവുകൾ പയറ്റുന്നതിനപ്പുറം കലകളിലും കലാ മത്സരങ്ങളിലും പങ്കാളിയാകുവാൻ കൂടി നമ്മെ പ്രചോദിപ്പിക്കുന്നു.കലകൾ നമ്മുടെ പൈതൃകത്തിന്റെ കൂടെ ഭാഗങ്ങളാണ്. കലകളിലൂടെ കേരളത്തിന്റെ തനിമ നാം ചൊല്ലുമ്പോൾ കേരളത്തേയും നാം തിരിച്ചറിയുന്നു.

ഇന്ന് കേരളത്തിലെ കലകളെക്കുറിച്ച് ചിന്തിക്കുമ്പോൾ അത് വിശാലമാണെങ്കിൽ പോലും പലതിനും ലോപനം സംഭവിച്ചുകൊണ്ടിരിക്കുന്നു. കേരളമെന്ന കലാലയം കഥകളിയും , ഓട്ടൻതുള്ളലും, മാർഗ്ഗംകളിയുമുൾപ്പെടെ എത്രയോ കലാരൂപങ്ങളുടെ സമ്മിശ്രഭൂമിയാണ്. നമ്മുടെ ഭാരതനാടിനെ പോലെതന്നെ വൈവിധ്യങ്ങൾ കൊണ്ട് നിറഞ്ഞതാണ് നമ്മുടെ കലകളും. അതുകൊണ്ട് തന്നെ അവയെക്കുറിച്ച് നാം കൂടുതൽ ചികയേണ്ട ആവശ്യം ഇല്ല. മാത്രമല്ല , കേരളത്തിലെ കലകൾ കലകൾക്കുമപ്പുറം ജീവിതത്തെ വ്യക്തമാക്കിത്തരുന്ന അല്ലെങ്കിൽ മനസ്സിലാക്കിത്തരുന്നവ കൂടിയാണ്.

“കേരളമെന്ന പേരുകേട്ടാൽ

അഭിമാനപൂരിതമാകണമന്തരംഗം " - ഈ വരികൾ നമുക്ക് കേരളത്തിന്റെ തനിമയേയും കേരളമെന്നതിന്റെ വ്യക്തതയേയും മനസ്സിലാക്കിത്തരുന്നു. കേരളത്തിന്റെ കലകൾ കേരളത്തിന്റെ ഭാഗമാണ്.ഒപ്പം ആസ്വാദകരുടെ ഹൃദയത്തെ തൊട്ടുണർത്തുന്നവ കൂടിയാണ്. എന്നാൽ കാലം പോയതിനനുസരിച്ച് കോലവും മാറി. കാലത്തിന്റം കടന്നുകയറ്റത്തിൽ കലകൾ അസ്തമയങ്ങളെ ദർശിച്ചുവെങ്കിൽ പോലും സ്കൂളുകളിൽ പ്രൗഢിയോടുകൂടി കലകൾ ഇന്നും നിലനിൽക്കുന്നു.അവയുടെ ഓർമ്മപുതുക്കലിന് വേദിയാകുകയാണ് കലോത്സവങ്ങൾ.ഈ കലോത്സവ വേദികൾ നമുക്ക് പല ദർശനങ്ങളും നല്കുന്നു.

കാലത്തിന്റെ കടന്നുകയറ്റം നാം നോക്കുമ്പോൾ സ്കൂളുകളും സ്കൂളുകളിലെ കലോത്സവങ്ങളും വ്യത്യസ്തമായിക്കൊണ്ടിരിക്കുകയാണ്. കലകൾക്കു പകരം വിദ്യാർത്ഥികൾക്ക് അവരുടെ കോപ്രായങ്ങൾ കാട്ടിക്കൂട്ടുവാനുള്ള വേദികളായി

കലോത്സവ വേദികൾ മാറുന്നു. കൂടുതൽ കടന്നു ചിന്തിക്കുകയാണെങ്കിൽ നമുക്ക് മനസ്സിലാക്കാൻ കഴിയും ആധുനിക യുഗത്തിൽ കലോത്സവങ്ങളെ വിദ്യാർത്ഥികൾ കാണുന്നതെങ്ങനെയാണെന്ന് . നമ്മുടെ കലോത്സവ വേദികൾ ഗ്രേസ് മാർക്കുകൾക്കും തുടർപ്രവേശനത്തിനുള്ള മാർക്കുകൾക്കുമുള്ള വേദികൾ മാത്രമായി മാറിക്കൊണ്ടിരിക്കുകയാണ്. കലോത്സവ വേദികൾ വിദ്യാർത്ഥികളുടെ കഴിവുകൾ മാത്രം പ്രകടിപ്പിക്കാനുള്ള വേദികളായി മാറണം . എങ്കിൽ മാത്രമേ കലോത്സവത്തിന്റെ തനിമ കൃത്യമായി മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ.

# എന്റെ കേരളം



എത്ര സുന്ദരം എത്ര സുന്ദരം എന്റെ കേരളം
കേരളമെന്നൊരു പുണ്യ നാട്
അമ്മയാണെന്റെ കേരളം
നന്മയാണെന്റെ കേരളം
തുഞ്ചൻ പിറന്നതു കേരള നാട്ടിൽ
ആ.... തുഞ്ചൻ പിറന്നതു കേരള നാട്ടിൽ
കലകൾ പിറന്നതു കേരള നാട്ടിൽ
ആ... കവികൾ ഉണർന്നതു കേരള നാട്ടിൽ
പൊന്നുകൾ വിളയുന്ന കേരള നാട്ടിൽ
കേരളമെന്നൊരു പുണ്യ നാട്ടിൽ ജനിച്ചത്
എന്റെ ജന്മാന്തര പുണ്യമല്ലോ....

സ്മൃതി എസ് ഡി
8 C

13

# കുത്തിക്കുറിക്കുമോ.....



ഗിർ....... സ്റ്റോർ റൂമിന്റെ വാതിൽ ആരുടെയോ പ്രഹരത്തിനു മുൻപിൽ പ്രണമിച്ചുകൊണ്ട് തുറന്നു വന്നു. എന്തിനാണെന്ന് അപ്പോഴും അവ്യക്തമായിരുന്നു. നിലാവിന്റെ കുളിർമ്മ പകരുന്ന ദിനങ്ങൾ പിന്നിട്ട് വേനലിനെ തഴുകിയതേയുള്ളൂവെന്ന് തന്നെ പറയാം. സ്റ്റോർ റൂമിന്റെ എല്ലാ ഷെൽഫുകളും അവൻ അരിച്ചുപെറുക്കുകയാണ്. പക്ഷെ മനസ്സിന്റെ മിഴി അവ്യക്തമായിതന്നെ അവനു പ്രതീതമായി. നിറങ്ങൾ പിറുപിറുക്കും പേനകൾ അവന് ലഭിക്കുന്നതു വരെ അവൻ അത് തുടർന്നു.ഇരുട്ട് നിഴലിക്കുന്ന അവിടെ അവൻ അപ്പോഴും അവസാനമില്ലെന്ന വിധം എന്തിനെയോ പരതുകയാണ്. ജീവനറ്റ എലിയുടെയും പല്ലിയുടെയും പാറ്റയുടെയുമൊക്കെ ഞെരക്കങ്ങൾ , ഞെരിപിരികൾ എല്ലാം തന്നെ അവന്റെ കാതുകൾക്ക് നിശ്ശബ്ദത പകർന്നു. അവന്റെ മനസ്സിൽ അപ്പോഴും എന്തോ മന്ത്രിച്ചിരുന്നു.... ആരോടും പറയാൻ താത്പര്യമില്ലാ എന്ന വിധത്തിൽ.

ചിങ്ങവും വസന്തവും തുലാവുമെല്ലാം പലവുരു കടന്നുപോയെങ്കിൽ പോലും ആദ്യമായി അതെല്ലാം അനുഭവിക്കുന്ന മട്ടിൽ അവൻ ആ ദിനങ്ങൾ തള്ളിനീക്കുകയായിരുന്നു.പെട്ടെന്ന് ആരോ ഡോറിൽ മുട്ടുന്ന ശബ്ദം. അവൻ മെല്ലെ ശബ്ദം അടക്കിപ്പിടിച്ചിട്ടെന്നവണ്ണം ആ വാതിൽ അടച്ചിട്ട് താഴേക്ക് ഇറങ്ങി.

“ഹേയ് ! വിൻസെന്റ് നീ ഇത്രയും നേരം എവിടെയായിരുന്നു ? നിന്നോടു ഞാൻ പറഞ്ഞിരുന്നതല്ലേ ഞങ്ങൾ വരുമ്പോൾ നീ വാതിലിനടുക്കൽ ഉണ്ടാകണമെന്ന്.ഇത്രയും നല്ല ശകാരത്തിന്റെ പ്രതിഫലനം എന്ന വിധത്തിൽ അവന്റെ വാക്കുകൾ ഇടറി. അവൻ പറഞ്ഞു, “ മാഡം, എന്നോട് ക്ഷമിക്കണം . ഞാൻ മുകളിൽ ജോലിയിലായിരുന്നു.” “ ഓക്കെ കം വിത്ത് മീ ..... എന്നിട്ട് എന്റെ റൂമൊക്കെ വൃത്തിയാക്കു.”

ഒന്നും മിണ്ടാതെ വിൻസന്റ് ആ മേഡത്തിന്റെ റൂമിലേക്ക് പോയി. അപ്പോഴും അവന്റെ ആ പൊടി പിടിച്ച സ്റ്റോർ റൂമിലുള്ള അന്വേഷണവസ്തു തിരിച്ചറിയാൻ സാധിച്ചതേയില്ല.കൂടാതെ അവനിലെ ആ നിശ്ശബ്ദത അവന്റെ ആവശ്യങ്ങൾ വെളിപ്പെടുത്തിയതുമില്ല.ദിനങ്ങളുടെ കൽപ്പടവുകൾ വേഗത്തിൽ കടന്നുനീങ്ങിക്കൊണ്ടേയിരുന്നു... ആരുടേയും ദിനചര്യകൾക്ക് ആഘാതം സൃഷ്ടിക്കുകയില്ല എന്ന വിധത്തിൽ...

ആ ദിനങ്ങളിലൊന്നിനെ ചാട്ടവാറുകൊണ്ട് കീഴ്പ്പെടുത്തി എന്നതുപോലെ വിരസതകൾ പ്രകടമാക്കി ആ ദിനം അവനെ തേടിയെത്തി.

മഴക്കാറുകൾ അല്ല അവന്റെ കണ്ണുകളിലും , അവന്റെ ആ വീടിനു ചുറ്റും മഴയുടെ രാഗം നിറുത്താതിരുന്നു. എങ്കിലും അവന്റെയുള്ളിൽ ഭയമായിരുന്നു.ആരെങ്കിലും അതെല്ലാം വന്നുകാണുകയാണെങ്കിലോ ? അവന്റെ ആ ഭയത്തിനപ്പുറം അവന്റെ അന്വേഷണത്തിലുള്ള ആഗ്രഹം അവനിൽ ഉയർന്നു നിന്നു.വീണ്ടും ദിനങ്ങൾ പൊയ്ക്കൊണ്ടേയിരുന്നു.....ആരും അവനേയും അവന്റെ അന്വേഷണത്തിനേയും തിരിച്ചറിഞ്ഞതേയില്ല.

മരച്ചുവട്ടിൽ വിദൂരതയിലേക്ക് കണ്ണുംനട്ട് അവൻ നോക്കിയിരിക്കാൻ തുടങ്ങിയിട്ട് നേരം ഏറെയായി.പക്ഷേ തമാശകൾ മാത്രം കണ്ടിട്ടില്ലാത്ത അവന്റെ ദുഃഖ ജീവിതത്തിലേക്ക് സന്തോഷങ്ങൾ കടന്നുവരുന്നതായി അവൻ സ്വപ്നം കണ്ടു. ആ സ്വപ്നം യാഥാർത്ഥ്യമായിരുന്നുവെങ്കിൽ എന്ന് നാട്ടുകാരും ആഗ്രഹിച്ചു. പക്ഷേ തന്റെ വലിയച്ഛനും , വലിയമ്മയും അല്ല മാഡവും സാറും ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുവാൻ അനുവദിക്കില്ല എന്ന ഉറച്ച ബോധ്യം മാത്രമേ അവനുണ്ടായിരുന്നുള്ളൂ. വീണ്ടും വീടടച്ചിട്ട് അവനെ പുറത്താക്കിയിട്ടു പോയ ഹെഡ്മാസ്റ്റർ ആയ വലിയച്ഛനും ടീച്ചർ ആയ മാഡത്തിനേയും കാത്ത് വിദൂരതയിൽ കണ്ണുംനട്ട് പലതവണ അനുഭവിച്ചതാണെങ്കിലും ആദ്യമായിട്ടെന്ന നിലയിൽ ഇരുന്നു.

അച്ഛനോടുള്ള ശത്രുത തന്നോട് തീർക്കുമ്പോഴും അവന് പ്രയാസങ്ങൾ തോന്നിയില്ല. അതുമാത്രമല്ല അവൻ ആ വിദൂരതയിലുള്ള ആകാശം നോക്കിക്കണ്ട് സ്വപ്നങ്ങളുടെ ഒരായിരം തോണികൾ പണിതു. ദിനങ്ങൾ വീണ്ടും കടന്നു നീങ്ങി -

ക്കൊണ്ടേയിരുന്നു.ആ ദിവസം അവന്റെ പേരിൽ ആദ്യമായൊരു ലെറ്റർ വന്നു. പോസ്റ്റുമാൻ ആ ലെറ്റർ അവിടെ കൊടുത്തപ്പോൾ , അതും വിന്റ്സണിന്റെ പേരിലുള്ളത് , അവർക്ക് അത്ഭുതമായി തോന്നി. അവർ ആ ലെറ്റർ പൊട്ടിച്ചു വായിച്ചു നോക്കി. അവർ അത്ഭുതപ്പെട്ടു. മലയാള മനോരമയുടെ ചിത്ര രചനാമത്സരത്തിൽ അവന് ഒന്നാം സ്ഥാനം ലഭിച്ചിരിക്കുന്നു. അവനിൽ സന്തോഷത്തിന്റെ ചില്ലകൾ പൂത്തുതളിർത്തത് ഇപ്പോഴായിരുന്നു.അവൻ സ്വയം ആശ്വസിച്ചു. മാഡം ഉപേക്ഷിക്കുന്ന പേനകൾ കൊണ്ട് ഒറ്റയ്ക്ക് സ്റ്റോർ റൂമിലിരുന്ന് വരച്ചതിന് ഫലമുണ്ടായി. അവന് കാർട്ടൂൺ രംഗത്ത് തന്റെ വേദനകൾ ഇനിയും കുത്തിക്കുറിക്കുമോ ..........................?

# എന്റെ ഗ്രാമം



ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തിലെ മനോഹരമായ ഒരു മലയോര ഗ്രാമമായ മാരായമുട്ടമാണ് എന്റെ നാട്. നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള ബ്ലോക്കിലാണ് മാരായമുട്ടം സ്ഥിതിചെയ്യുന്നത്. മാർത്താണ്ഡവർമ്മ മഹാരാജാവിൽ നിന്നും രാജഭരണം പിടിച്ചെടുക്കാനായി എട്ടുവീട്ടിൽ പിള്ളമാർ നടത്തിയ പോരാട്ടത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവ് പലായനം ചെയ്ത് ഈ സ്ഥലത്ത് വന്നു വഴിമുട്ടി ഒളിച്ചിരുന്നു. അതുകൊണ്ട് മഹാരാജമുട്ടം എന്നറിയപ്പെടുകയും ക്രമേണ മാരായമുട്ടം ആയി മാറുകയും ചെയ്തു. ഈ നാടിനെ സൃഷ്ടിച്ചത് തന്നെ ചരിത്രപരമായ ധാരാളം സംഭവങ്ങളാണ്. പ്രകൃതിചാരുത നിറഞ്ഞുതുളുമ്പുന്ന ഒരു പ്രദേശമാണ് മാരായമുട്ടം. ധാരാളം വാഴത്തോപ്പുകളുടേയും തെങ്ങിൻതോട്ടങ്ങളുടെയും ഒരു കലവറ തന്നെയാണ് ഈ പ്രദേശം. ചിറ്റാറിന്റെ ഇളംതെന്നൽ ഏറ്റുകിടക്കുന്ന ചാരുതയാർന്ന ഒരു പ്രദേശമാണിത്.

മാരായമുട്ടത്തിന്റെ അടുത്ത് സ്ഥിതിചെയ്യുന്ന ഒരു പ്രദേശമാണ് മാലക്കുളങ്ങര. ഇതിനു പിന്നിലും ചരിത്രപരമായ ഒരു ഐതീഹ്യം ഉണ്ട്. പണ്ട് മാർത്താണ്ഡവർമ്മ മഹാരാജാവ് കുളിക്കാനായി കുളത്തിൽ പോയി. അവിടെ

കുളത്തിന്റെ കരയിൽ തന്റെ മാല ഊരിവച്ചിട്ട് അദ്ദേഹം കുളിക്കാനിറങ്ങി. കുളിച്ചുകഴിഞ്ഞ് അദ്ദേഹം മാല കുളത്തിന്റെ കരയിൽ മറന്നുവച്ചിട്ടു പോകുകയും ചെയ്തു. അദ്ദേഹത്തിനെ കണ്ട ഒരു വഴിയാത്രക്കാരൻ അദ്ദേഹത്തിനോട് മാല എവിടെ എന്നു ചോദിച്ചു. രാജാവ് പറഞ്ഞു *, മാല കുളങ്ങരയിൽ* . അങ്ങനെ ഈ സ്ഥലത്തിന് മാലക്കുളങ്ങര എന്ന പേര് ലഭിച്ചു.

എന്റെ ഗ്രാമത്തിലെ മറ്റൊരു ചരിത്രപ്രസിദ്ധമായ സ്ഥലമാണ് *പഴിഞ്ഞിപ്പാറ*. പാണ്ഡവ പുത്രനായ ഭീമൻ തന്റെ യാത്രയ്ക്കിടയിൽ നിശന്നപ്പോൾ

ഒരു സ്ഥലത്ത് ഇരുന്ന് പഴങ്കഞ്ഞി കുടിച്ചു. അപ്പോൾ ഭീമന് ആ പഴങ്കഞ്ഞിയിൽ നിന്നും നാരങ്ങയുടെ ഒരു വിത്ത് ലഭിച്ചു. അദ്ദേഹം സമീപത്ത് ഉണ്ടായിരുന്ന ഒരു

ചെറിയ കല്ലിനുപുറതത് ആ വിത്ത് എടുത്ത് വച്ചു. കാലക്രമേണ ആ കല്ല് വളരുകയും അതിന്റെ പുറത്തുണ്ടായിരുന്ന വിത്ത് മുളച്ച് നാരകമായി മാറുകയും ചെയ്തു. ആ സ്ഥലത്ത് ഇപ്പോൾ ധാരാളം സന്ദർശകർ വന്നുകൊണ്ടേയിരിക്കുന്നു.

ഞങ്ങളുടെ ഗ്രാമത്തിലെ പ്രസിദ്ധമായ ഒരു ക്ഷേത്രമാണ് ശ്രീ നീലകേശി ക്ഷേത്രം. ഈ ക്ഷേത്രത്തിൽ ജാതിമത ഭേദമന്യേ എല്ലാവരും ദർശനത്തിനായി എത്താറുണ്ട്. വർഷത്തിൽ ഒരിയ്ക്കൽ നടക്കുന്ന ഈ ക്ഷേത്രത്തിലെ പൊങ്കാല മഹോത്സവത്തിൽ പങ്കെടുക്കാൻ ധാരാളം ഭക്തജനങ്ങൾ എത്തിച്ചേരുന്നു.

തനി നാടൻ ഭക്ഷണ രീതിയും ഭാഷാരീതിയും ജീവിത ശൈലിയുമാണ് ഇവിടുത്തെ നാട്ടുകാർ പിൻതുടരുന്നത്. പല തലങ്ങളിലും ജോലി ചെയ്യുന്നവർ ഈ പ്രദേശത്തുണ്ട്.

മാരായമുട്ടം എന്ന ഞങ്ങളുടെ ഗ്രാമത്തിന് ഒരു പൊൻതൂവലാണ് മാരായമുട്ടം ഗവ ഹയർസെക്കന്ററി സ്കൂൾ. രണ്ടായിരത്തോളം വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നു. അറുപത്തഞ്ചോളം അധ്യാപകർ ഇവിടെ ജോലി ചെയ്യുന്നു. ഇവിടെ പഠിച്ചുപോയ ധാരാളം കുട്ടികൾ ഉയർന്ന തലങ്ങളിൽ എത്തുകയും പ്രസിദ്ധരാവുകയും ചെയ്തിട്ടുണ്ട്.

# ജീവിത സാഗരം ചുറ്റം



ശബ്ദകോലാഹലങ്ങൾക്കുമന്യമാം
ശാന്തി തൻ സാഗര കവാടം കടന്നു
സന്ധ്യച്ചിലങ്കകൾ കോർത്തിണക്കിയീ
സാഗരചിത്രം ചിലയ്ക്കുന്നു ചുറ്റം.
ഞാനാം പരൽമീനരുവിടുന്നു
ഞാനാം ഭാവമകറ്റീടുവാൻ
എങ്കിലും ഭ്രഗർഭചിത്രവും കൊണ്ടു ഞാൻ
എരിയുന്ന വേനലിൻ ഛായം പൂശി...
എരി വേനൽച്ചില്ലകൾ പടരുന്ന വാനം
എരിയുന്ന പുഴതൻ പാറയെത്തട്ടി
കണികണ്ടുണർന്നു ഞാൻ സാഗരരാഗം
കണ്ണനീരിന്റെ ഗാനം കലർത്തി....
ചെറുമീനു ഞാൻ പാവം
ചെതുമ്പലുകൾ കൊണ്ടു ഞാൻ
പുഴതന്റെ വേഗം മറികടന്നു
പതിനേഴ ലോകവും കണ്ടു ഞാനും .
എങ്ങുമെന്തേ ഇരുട്ടിന്റെ വാതിൽ
എങ്ങുമെന്തേ ശവകുമ്പാരങ്ങളും
രസിച്ചവപ്പിന്റെ ഛായവും നാവിലായ്
രാപ്പാടി പാടിയ ഗാനങ്ങളില്ല.
ഒരുവട്ടമെങ്കിലും കൊതിച്ച വിശ്വാസം
ഓന്തുകൾ പാറാവു നോക്കുമീ പുഴയും
കിഴവനാം നാളുകൾ മീട്ടിയൊരുക്കിയ
കാലമാം സാഗരം ഭക്ഷിച്ചുവെന്നെ.

**19**

ഞാൻ വെറുമൊരു പരൽ മീൻ
ഞായറിൻ കാലവണ്ടിയിഴച്ച
നീക്കവേ ഞാനകപ്പെട്ടുവീ -
നിലാവിന്റെ സാഗരത്തിനുള്ളിൽ.
കിളിക്കൊഞ്ചലിൻ ജീവിതം ബാക്കിയായ്
കാലയവനികയിലെത്ര
സാഗരത്തിൻ പുക ശ്വസിച്ച ഞാൻ
സത്യമാം നന്മയെ തേടുന്ന ച്ചുറ്റും.
ഞാൻ പരൽ മീൻ വെറും പാവം
ഞാവൽപ്പഴം വിളയും സാഗരം
വിഴുങ്ങിയിന്നെന്നെ ജീവിതം
വെറുതെയിഴയുന്ന സാഗരത്തിനുള്ളിൽ.
ഉപ്പുകലർന്ന ജലമല്ലെനിക്കിത്
ഉപ്പളങ്ങളിലെ ഉപ്പുപരലുമല്ല
ജീവനകലുവാൻ നാഴികകൾ ബാക്കി
ജീവിത സാഗരത്തിൽപ്പെട്ടു ഞാൻ പരൽമീൻ..

20

# ഓക്സിജൻ കേന്ദ്രങ്ങൾ




മുക്കിലും മൂലയിലും സ്ഥാപിച്ചിരിക്കുന്ന ഓക്സിജൻ കേന്ദ്രങ്ങളിൻ പതിവുപോലെ ആളുകൾ നിരനിരയായി നിന്നു. ഓരോ ഓക്സിജൻ കേന്ദ്രങ്ങൾക്ക് മുന്നിലും അഞ്ച് മുതൽ പത്ത് കിലോമീറ്റർ വരെ നീണ്ടുനിൽക്കുകയാണ് ജനക്കൂട്ടം. ധാരാളം പണം കൊടുത്താണ് എല്ലാവരും ഓക്സിജൻ വാങ്ങുന്നത്. ആഹാരവും വസ്ത്രവും മാത്രമായിരുന്നു ഇതുവരെ അവിടെയുള്ള നഗരവാസികൾ പണം കൊടുത്ത് വാങ്ങിയിരുന്നത്. എന്നാൽ കുറച്ച് ദിവസങ്ങളായി ശ്വസിക്കാനുള്ള വായു പോലും പണം കൊടുത്ത് വാങ്ങേണ്ടി വരുന്നു. ഓക്സിജൻ സിലിണ്ടർ വച്ചുകൊണ്ടുള്ള അവരുടെ ജീവിതം നരകതുല്യമായിരുന്നു.ശ്വസിക്കാൻ ശുദ്ധവായുവില്ലാത്ത ലോകം നരകമല്ലാതെ മറ്റെന്താണ് ? സ്കൂളിലേക്കു പോകുന്ന കുട്ടികൾ, ഓഫീസിലേക്ക് പോകുന്ന ഉദ്യോഗസ്ഥർ, എല്ലാവരുംതന്നെ ഓക്സിജൻ കേന്ദ്രത്തിൽ നിന്നും ഓക്സിജൻ വാങ്ങിയിട്ടാണ് പോകുന്നത്. ഒരിയ്ക്കൽ ഓക്സിജൻ വാങ്ങാൻ നിന്ന ഒരു കൊച്ചുകുട്ടി അവിടെയുണ്ടായിരുന്ന ജനക്കൂട്ടത്തിനോട് ചോദിച്ചു, " എന്തുകൊണ്ടാണ് ഞങ്ങളുടെ തലമുറയ്ക്ക് ഈ ദുർവിധി അനുഭവിക്കേണ്ടി വന്നത് ? ആ കുട്ടിയുടെ ചോദ്യം കേട്ട ജനക്കൂട്ടം മറുപടി

പറയാനാകാതെ ഒരു നിമിഷം നിന്നുപോയി. അപ്പോൾ അവിടെ നിന്ന ഒരു വൃദ്ധൻ ദുഃഖം കലർന്ന ശബ്ദത്തോടെ പുരുഷാരത്തോടു പറഞ്ഞു , " ക്രൂരൻമാരായ മനുഷ്യരുടെ ക്രൂരതയ്ക്ക് അറുതിവരുത്താനായി പ്രകൃതി മാതാവ് നല്കിയ ശിക്ഷയാണിത്. പുതിയ തലമുറക്കാർ ശുദ്ധവായു നല്കിക്കൊണ്ടിരുന്ന വൃക്ഷങ്ങളെ വെട്ടിനശിപ്പിച്ചില്ലേ ? നദികളെ മലിനമാക്കിയില്ലേ ? അതിനൊക്കെയുള്ള ശിക്ഷയാണിത്. പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർത്ത മനുഷ്യർ ഇത്രയെങ്കിലും അനുഭവിക്കണം. ഇപ്പോൾ എങ്ങനെയുണ്ട് ? ശുദ്ധ വായു പോലും പണം കൊടുത്തു വാങ്ങേണ്ടിവരുന്നു." ആ സ്വരം അവിടുത്തെ നഗരവാസികളെ ഉണർത്തി. അവർ ഒന്നിച്ചു. പിന്നീടങ്ങോട്ട് നഗരം മുഴുവനും വൃക്ഷതൈകൾ കൊണ്ട് നിറഞ്ഞു. കുറച്ചു മാസങ്ങൾക്കുശേഷം ആ നഗരത്തിൽ ശുദ്ധവായു അലയടിച്ചു. അങ്ങനെ നരകത്തിനു തുല്യമായ ആ നഗരം പച്ചപ്പ് കൊണ്ട് സുന്ദരമായി. ഒക്സിജൻ കേന്ദ്രങ്ങൾ ആ നഗരത്തോടു വിടപറഞ്ഞു.

ആദിത്യ ജെ പി

9C

# ഒരു കൈത്താങ്ങിനായ്



ഉയരങ്ങളിൽ നിന്ന് പതറി വീണിടുമ്പോൾ
ഒരു കൈ നീ നൽകുമോ ?
ജീവിതത്തിന്റെ അന്ധകാരം
നീ മാറ്റിടുമോ ?
ഒരു കൈത്താങ്ങിനായ് ഞാൻ
അലഞ്ഞിടുമ്പോൾ
ആരുണ്ടെനിക്ക് നീ ചൊല്ലുമോ ?
വർണ്ണപ്പകിട്ടാർന്ന ഈ ലോകം മാറിടുമ്പോൾ
എന്നിൽ നിന്നും സഹായകരങ്ങൾ അകന്നിടുന്നു
ഈ ജീവിതത്തിന്റെ ചില്ലുകൾ
വാളായ് മാറിയെന്നെ അരിഞ്ഞിടുന്നു
എന്റെ മാംസവും മജ്ജയും ഈ ജീവിതം
കാർന്നു തിന്നുമ്പോൾ
നീ വെറുതെ നോക്കിടുന്നോ ?
ഈ ജീവിതം സാക്ഷിയാണെൻ വേദനയ്ക്ക്
ആരുണ്ടെനിക്ക് നീ ചൊല്ലുമോ ?
എൻ അശ്രുകണങ്ങൾ നിന്നെ
സ്പർശിക്കും മുൻപേ
ഒരു കൈ നീ നൽകുമോ ?
എൻ വസ്ത്രത്തിൽ അലിഞ്ഞ കറുത്ത പാടുകൾ
നീ പരിശുദ്ധമാക്കുമോ ?
ഒരു വറ്റ് ചോറിനായ് ഞാൻ അലഞ്ഞിടുമ്പോൾ

**22**

ഒരു തുണ്ട് വസ്ത്രത്തിനായ് ഞാൻ അലഞ്ഞിടുമ്പോൾ
ആരുണ്ടെനിക്ക് നീ ചൊല്ലുമോ ?
എൻ തേങ്ങലിൻ തീക്ഷണത വർദ്ധിച്ചിടുന്നു
ഈ ഉലകം വെന്തെരിയുന്നു
ഇത് പാഴ്വാക്കായ് നീ കരുതരുതേ
ഇത് ആജ്ഞയല്ല
ഒരു കൈത്താങ്ങിനായ് അലയുന്ന
ഒരു നാരിയുടെ രോദനം മാത്രം.


അമൃത എ
8C

# അമ്മയുടെ വാത്സല്യം




എൻ അമ്മ തൻ വാത്സല്യവും
വാത്സല്യപൂർണ്ണമാം വാക്കുകളും
എൻ വിജയത്തിൻ കാരണമാകുന്ന
അമ്മ തൻ അനുഗ്രഹത്താൽ
എത്തിപ്പിടിക്കുന്ന വിജയങ്ങൾ ഞാൻ
മഹാലക്ഷ്മിയാണെന്റെ അമ്മ
ദൈവമാണെനിക്കെന്റെ അമ്മ
ബാല്യം മുതൽക്കേ വളർത്തിയതും
വാത്സല്യം നല്കിയതുമമ്മ
ആദ്യമായ് കാല്പാദം വച്ചപ്പോഴും
കരുതലായ് കൈകളുണ്ടായിരുന്നു അമ്മ തൻ..

## ക്ഷമ ജീവിത വിജയത്തിന്



വളരെ സുന്ദരവും പൂക്കളാൽ നിറഞ്ഞതുമായ ഒരു പ്രദേശമാണ് മഞ്ചാടിക്കാട്. അവിടെ ഒരിനം ശലഭങ്ങൾക്ക് വംശനാശം സംഭവിച്ചുവരുകയാണ് . അങ്ങനെയിരിക്കെ ആ വംശത്തിലെ ഒരു പൂമ്പാറ്റ ഒഴികെ ബാക്കി എല്ലാം വംശനാശത്തിൽ പെട്ടു. ആദ്യമൊക്കെ ആ പൂമ്പാറ്റയ്ക്ക് വളരെയധികം സങ്കടമായിരുന്നു.അവളുടെ സങ്കടം കണ്ട് കാട്ടുമൃഗങ്ങൾ എല്ലാം തന്നെ അവളോട് നല്ല സ്നേഹം കാണിച്ചു. പൂമ്പാറ്റയെ കാണാൻ നല്ല ഭംഗിയായിരുന്നു. ഒപ്പം അതിന്റെ ചിറകുകൾ സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങുമായിരുന്നു. ഇതുകൊണ്ടെല്ലാം തന്നെ പൂമ്പാറ്റയിൽ ഒരു ദിവസം അഹങ്കാരം ഉടലെടുത്തു.

ഒരു ദിവസം അവൾ തന്നെ ഇതുവരെ സ്നേഹിച്ച കാട്ടുമൃഗങ്ങളെയെല്ലാം അപകടപ്പെടുത്താനും നാടുകടത്താനും തീരുമാനിച്ചു. അവരിൽ ഏറ്റവും പ്രായം ചെന്നത് ഒരു തവള ആയിരുന്നു. അങ്ങനെയിരിക്കെ മഞ്ചാടിക്കാട് വസന്തകാലത്ത് പൂക്കളാൽ നിറഞ്ഞു. ആ സമയത്ത് ഉറപ്പായും മറ്റു മൃഗങ്ങളെയെല്ലാം കാട്ടിൽ നിന്നും തുരത്തി ഓടിക്കണമെന്ന് പൂമ്പാറ്റ തീരുമാനിച്ചു. ഒരു ദിവസം വിശന്ന് അവശനായ ഒരു കരിവണ്ട് ആ കാട്ടിനകത്തേക്ക് പ്രവേശിച്ചു.അത്രയും അധികം പൂക്കൾ കണ്ടതിനാൽ വണ്ട് ഒരുപാട് സന്തോഷിച്ചു.

എന്നാൽ തേൻ നുകരാനായി പൂക്കളുടെ അടുത്ത് എത്തിയപ്പോൾ അഹങ്കാരിയായ പൂമ്പാറ്റ പാവം കരിവണ്ടിനെ ഓടിച്ചുവിട്ടു. കരിവണ്ടിനോട് ദൂരെയുള്ള അരുവിയിൽ നിന്നും വെള്ളം കുടിച്ച് വിശപ്പടക്കാൻ പറഞ്ഞു.ഇതെല്ലാം തവള കാണുന്നുണ്ടായിരുന്നു. കരിവണ്ട് അരുവിയുടെ അടുത്ത് എത്തിയപ്പോൾ തവളയും അവിടെയെത്തി. തവളയ്ക്ക് കാര്യങ്ങൾ എല്ലാം മനസ്സിലായതിനാൽ കരിവണ്ടിന് പൂമ്പാറ്റയെ കുടുക്കാനുള്ള വഴികൾ പറഞ്ഞുകൊടുത്തു. തവള പറഞ്ഞതനുസരിച്ച് കരിവണ്ട് പൂമ്പാറ്റയുടെ അടുത്ത് എത്തി. രണ്ടുപേരും തമ്മിൽ പന്തയം വയ്ക്കാൻ തീരുമാനിച്ചു. തോല്ക്കുന്ന ആൾ ഈ മഞ്ചാടിക്കാട് വിട്ടുപോകണമെന്ന് പൂമ്പാറ്റ പറഞ്ഞു. കരിവണ്ട് അത് സമ്മതിച്ചു.

മത്സരം കാണാനായി കാട്ടിലെ മൃഗങ്ങൾ എല്ലാം ഒത്തുകൂടി. ഉറുമ്പ് മുതൽ കാട്ടാന വരെ മത്സരം കാണാനായി എത്തി. തവള ചിലന്തിയുടെ സഹായത്തോടെ കെണി ഒരുക്കി. ഒരു പാറയിൽ നിന്നും തുടങ്ങി അകലെയുള്ള മറ്റൊരു പാറയിൽ തൊട്ട് തിരികെ വരണം. ഇതായിരുന്നു മത്സരം. വഴിയിൽ ചിലന്തി വല ഉണ്ട് എന്നുള്ള കാര്യം കരിവണ്ടിന് അറിയാമായിരുന്നു. അതിനാൽ കരിവണ്ട് വളരെ സൂക്ഷിച്ച് മുന്നോട്ടുനീങ്ങി. എന്നാൽ പൂമ്പാറ്റ വളരെ വേഗത്തിൽ കരിവണ്ടിനെ കളിയാക്കിക്കൊണ്ട് മുന്നോട്ടുനീങ്ങി. അതിനിടയിൽ പൂമ്പറ്റയുടെ ചിറക് ചിലന്തിവലയിൽ കുടുങ്ങി. കരിവണ്ട് വിജയിക്കുകയും ചെയ്തു.

അവസാനം പൂമ്പാറ്റ തന്റെ തെറ്റുകൾ മനസ്സിലാക്കി , കാട്ടുമൃഗങ്ങളോട് മാപ്പപേക്ഷിച്ചു. തന്റെ തോൽവി സമ്മതിച്ചുകൊണ്ട് പൂമ്പാറ്റ കാടുവിട്ടുപോകാൻ തീരുമാനിച്ചു. നല്ലവനായ കരിവണ്ട് പൂമ്പാറ്റയുടെ വിഷമം മനസ്സിലാക്കി. പൂമ്പാറ്റയേയും കാട്ടിൽ തുടരാനും പൂക്കളിൽ നിന്നും തേൻ നുകരാനും അനുവദിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ പൂമ്പാറ്റ എല്ലാവരേയും സ്നേഹിച്ച് സന്തോഷത്തോടെ ജീവിച്ചു.

# എന്റെ ഭാരതം



ഭാരതാംബയുടെ മണ്ണ് ഭാരത മണ്ണ്
ഭാരതീയരുടെ ഭാരത മണ്ണ്
സ്വർഗ്ഗമാണ് ഞങ്ങളുടെ ഭാരതം
ഉണർന്നിരിക്കുന്ന ഭാരതീയർ
ഭാരതീയർ ഒന്നാണിവിടെ
എന്റെ ജീവൻ എന്റെ ഭാരതം
എന്റെ ശ്വാസം എന്റെ ഭാരതം
എന്റെ സ്വപ്നം എന്റെ ഭാരതം
രക്തം തരാം ജീവൻ തരാം
തരില്ല ഒരിത്തിരി ഭാരത മണ്ണ്
ജാതികളില്ല മതങ്ങളില്ല
മനുഷ്യർ ഒന്നാകുന്നൊരു ഭാരതമെന്റെ
എന്റെ ഭാരതം എന്റെ ഭാരതം
എന്റെ ഭാരതം ഇതെന്റെ ഭാരതം.

സ്മൃതി എസ് ഡി
8 C

# തീപ്പെട്ടി വിൽക്കുന്ന പെൺകുട്ടി



ഒരു ഉൾനാടൻ പ്രദേശത്തെ ഒരു കുടിലിൽ ദരിദ്രയായ ഒരു പെൺകുട്ടിയും ക്രൂരനായ ഒരു രണ്ടാനച്ഛനും താമസ്സിച്ചിരുന്നു. ആ കുടിലിൽ നിന്നും നിരന്തരം കേട്ടിരുന്നത് ഡോറ എന്ന എട്ടു വയസ്സുകാരിയുടെ തേങ്ങൽ മാത്രമായിരുന്നു. തീപ്പെട്ടി വിറ്റായിരുന്നു , ഡോറയുടേയും രണ്ടാനച്ഛന്റേയും ജീവിതം കടന്നുപൊയ്ക്കൊണ്ടിരുന്നത്. ക്രൂരനായ രണ്ടാനച്ഛൻ ദിവസവും മദ്യപിച്ച് വന്ന് പാവം ഡോറയെ തല്ലുമായിരുന്നു.എന്നാലും ഡോറ അതൊന്നും വകവയ്ക്കാതെ തന്റെ ഉപജീവനമാർഗ്ഗമായ തീപ്പെട്ടി വിൽപ്പനയ്ക്ക് എല്ലാ ദിവസവും പോകുമായിരുന്നു. അങ്ങനെയിരിക്കെ ഡിസംബർ മാസം വന്നെത്തി. നാടെങ്ങും ദീപാലങ്കാരവും വിളക്കുകളുമായി ക്രിസ്തുമസ് ആഘോഷം തകർക്കുന്ന സമയം. തണുപ്പിന്റെ ആധിക്യം കാരണംപുറത്തേക്ക് ഇറങ്ങാൻ കഴിയാത്ത സാഹചര്യം. എന്നിട്ടും ആ ക്രൂരനായ ഇളയച്ഛൻ പാവം ഡോറയെ പുറത്തേക്കു പിടിച്ചു തള്ളി. കൈയ്യിൽ കറെ തീപ്പെട്ടികൾ ഏൽപ്പിച്ചതിനു ശേഷം പറഞ്ഞു, " ഇതു മുഴുവനും വിറ്റിട്ടല്ലാതെ വീട്ടിലേക്ക് തിരികെ വന്നുപോകരുത്." ഡോറ മഞ്ഞിനിടയിലൂടെ നടന്നുനീങ്ങി. അവശയായ അവൾ മഞ്ഞിൽ ബോധരഹിതയായി നിലംപതിച്ചു. പൊടുന്നനെ സ്വർഗ്ഗത്തിൽ നിന്നും ഒരു രഥം അവളുടെ അടുത്തേക്ക് വന്ന് അവളേയും കയറ്റി ദൂരത്തേക്ക് യാത്രയായി.

സ്നേഹ ജെ എസ്
8A

# ഡൽഹി ( യാത്രാവിവരണം)




ഞാൻ പോകാൻ ആഗ്രഹിച്ച , എന്റെ മനസ്സിൽ നിറഞ്ഞു നിന്നിരുന്ന ഒരു മനോഹരമായ സ്ഥലത്തേയ്ക്ക് ഞാൻ പോയി. ആ സ്ഥലം ഏതാണെന്ന് നിങ്ങൾക്കറിയണ്ടേ ? അത് ഡൽഹിയാണ്. അവിടേക്ക് പോകാൻ എനിക്കു കഴിഞ്ഞത് എന്റെ വലിയമ്മയുടെ മകൻ കാരണമാണ്. ചേട്ടന് രാഷ്ട്രപതിയിൽ നിന്നും ധീരതയ്ക്കുള്ള അവാർഡ് ഉണ്ടായിരുന്നു. എന്തുകൊണ്ടാണെന്നോ ? അദ്ദേഹം കുളത്തിൽ വീണ രണ്ട് സ്ത്രീകളുടെ ജീവൻ രക്ഷിച്ചു. ഡൽഹിയിൽ ഒരുപാട് സ്ഥലങ്ങൾ ഞാൻ കണ്ടു. താജ്മഹൽ , രാജ്ഭവൻ , രാഷ്ട്രപതി ഭവൻ , ഇന്ത്യാഗേറ്റ് , കുത്തബ്മിനാർ ..... എത്ര മനോഹരങ്ങളാണ് അവിടെയുള്ള സ്ഥലങ്ങൾ. താജ്മഹലിൽ മുംതാസിന്റെ ശവകുടീരം കണ്ടു. സൂപ്പർ ഡൽഹി. ഒരിക്കൽ കൂടി ഡൽഹിയിലേക്ക് പോകണമെന്ന് മനസ്സിൽ ആഗ്രഹമുണ്ട്.

വിഷ്ണുപ്രിയ
8 A

# ജോണിയുടെ വീട്



ഒരു ഗ്രാമത്തിൽ രാമു എന്ന പേരുള്ള ഒരു കൃഷിക്കാരൻ ജീവിച്ചിരുന്നു.അയാൾ ഒരു ദിവസം തന്റെ കൃഷിയിടത്തിൽ നിന്നും വീട്ടിലേക്ക് വരുകയായിരുന്നു. വരുന്ന വഴിയിൽ അയാൾ ഒരു കുഞ്ഞു പട്ടിക്കുട്ടിയെ കണ്ടു. അയാൾ ആ പട്ടിക്കുട്ടിയുമായി വീട്ടിലെത്തി. ആ വീട്ടിലെ എല്ലാവരുമായും അവൻ പെട്ടെന്ന് തന്നെ ഇണങ്ങി. മാസങ്ങൾ കഴിഞ്ഞു. ആ നായ വളർന്നു. ആ നായയ്ക്ക് ജോണി എന്നാണ് അവർ പേരിട്ടിരുന്നത്.

എങ്കിലും ആ കൃഷിക്കാരന് നായയോട് പ്രത്യേകിച്ച് സ്നേഹമൊന്നുമില്ലായിരുന്നു. എന്താണെന്നറിയില്ല, ജോണിയെക്കുറിച്ച് അയാൾക്ക് പ്രത്യേകിച്ച് മതിപ്പുമില്ല. ഒരു ദിവസം രാവിലെ , സൂര്യനുദിച്ചു വരുന്നതേയുള്ളൂ. ഭയാനകമായ ഒരു ശബ്ദം കേട്ടു. കൂടെ പട്ടിയുടേയും കുറുക്കൻമാരുടേയും ശബ്ദം. എന്താണെന്നറിയാൻ കൃഷിക്കാരനും കുടുംബവും പുറത്തേക്കിറങ്ങി. അപ്പോൾ കണ്ട കാഴ്ച അയാളെ ഞെട്ടിച്ചു. തന്റെ കോഴികളിൽ ഒന്നിനെ കുറുക്കൻ ഓടിക്കുന്നു. അതിനു പിന്നാലെ ജോണിയും. എന്തുചെയ്യണമെന്നറിയാതെ കൃഷിക്കാരൻ അമ്പരന്നു നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ ജോണി ആ കുറുക്കനെ അവിടെ നിന്നും വിരട്ടി ഓടിച്ചു. അങ്ങനെ അവൻ ആ കോഴിയെ രക്ഷിച്ചു. അയാൾക്ക് ജോണിയോട് ചെറിയ ഇഷ്ടം തോന്നി. അയാൾ ജോണിയ്ക്ക് മനോഹരമായ ഒരു കൂട് ഉണ്ടാക്കികൊടുത്തു. പിന്നീട് ഒരു രാജാവിനെ പോലെ ജോണി അവിടെ സുഖമായി കഴിഞ്ഞു.

ആദിത്യ എസ് എം

8E

# പൂങ്കാവനം



ഹാ പുഷ്പമേ !
നിന്നെ ഞാൻ കണ്ടുമുട്ടി ആ പൂഞ്ചോലയിൽ
ആകർഷകമായ് നീ വന്നുവെൻ മനസ്സിൽ
നീയാണോ ദേവത
നീയാണോ രാജ്ഞി ?
അതെയെന്നു ഞാൻ ചൊല്ലട്ടെ
കൊതിക്കുന്നിടത്തു എത്തുന്ന -
താണുനിൻ പ്രത്യേകത.
അത്രമേൽ സന്തോഷം എന്നുൾത്തട്ടിൽ
ഐശ്വര്യമായ് നീ പൂന്തോട്ടത്തിലെത്തി
മഞ്ഞിൽ വിരിയുന്ന പൂന്തോട്ട രാജ്ഞിയാണു നീ
പുഷ്പമേ......
കർത്തവ്യങ്ങളിൽ മുഴുകൂ നീ
വിഷുക്കാലമെത്താറായ് പൂവേ
നീ നിന്റെ ആനന്ദത്തിനായിട്ടല്ല
എന്റെ ആനന്ദത്തിനായിട്ടല്ലയോ സ്വർത്തട്ടിൽ -
വിരിയുന്നത്.
മരച്ചോട്ടിൽ ആനന്ദബാഷ്പമായ് നീ
നിൽപൂ പൂന്തോട്ടത്തിൽ
അതാണ് നിന്റെ എളിമ
എൻ കണിക്കൊന്നയല്ലേ നീ...?

അനിഷ ആർ എം
8C

# ആകാശപ്പഴം




ഒരു ദിവസം ചുവന്ന അമ്മക്കോഴിയും മഞ്ഞകുഞ്ഞൻ കോഴിയും തീറ്റ തേടി നടക്കുകയായിരുന്നു. അപ്പോഴാണ് കുഞ്ഞിക്കോഴി അത് കണ്ടത്, ' ആകാശത്ത് ഒരു പഴം ! ' ' അമ്മേ , എനിക്ക് ആ പഴം പറിച്ച് തരുമോ ? ” - കുഞ്ഞിക്കോഴി ചോദിച്ചു. “ ഏതു പഴം ? " - അമ്മക്കോഴിക്ക് മനസ്സിലായില്ല. " ദാ , അങ്ങ് ദൂരേകാണുന്ന ആ പഴം. " കുഞ്ഞിക്കോഴി ആകാശത്തേക്ക് കൈചൂണ്ടിക്കൊണ്ട് അമ്മക്കോഴിക്ക് കാണിച്ചുകൊടുത്തു. അതുകണ്ട കോഴിയമ്മയ്ക്ക് ചിരി വന്നു. " അയ്യയ്യോ , അത് പഴമൊന്നുമല്ല . അതാണ് സൂര്യൻ . നമുക്ക് ചൂടും വെളിച്ചവും തരുന്ന കൂട്ടുകാരനാണ്. " കോഴിയമ്മ കുഞ്ഞിക്കോഴിക്ക് പറഞ്ഞുകൊടുത്തു. ഇതുകേട്ട് കുഞ്ഞിക്കോഴി ചോദിച്ചു, " അമ്മേ, സൂര്യൻ എവിടെയാണ് താമസിക്കുന്നത് ?"അപ്പോൾ അമ്മമക്കോഴി പറഞ്ഞു, " അങ്ങ് ദൂരെ ആകാശത്താണ് അവന്റെ താമസം.അവിടെ പോകാൻ ആർക്കും കഴിയില്ല , അത്രയ്ക്ക് ചൂടാണവന്." അമ്മക്കോഴി പറഞ്ഞതു കേട്ട് കുഞ്ഞിക്കോഴിയ്ക്ക് സന്തോഷമായി.

ദേവിക ആർ കെ
8A

32

# പ്രകൃതി തൻ കോപത്തിനിടയിൽ



ആയിരം വർണ്ണത്തിൻ ആവണിച്ചേലിൽ
വാഴും അമ്മയാണെൻ പ്രകൃതി
അരുവിയും പുഴയും നിറഞ്ഞൊഴുകുന്ന
പഞ്ചാമൃതമാണെൻ പ്രകൃതി
ആയിരം മേഘങ്ങൾ അലിവായ-
മഴയായ് പെയ്യതിവിടെ
നർത്തകിയാം മയിൽ നൃത്തമാടി തിമിർത്തിവിടെ
ഗായികയാം കുയിൽ ഗാനമാലപിച്ചുമിവിടെ
ഇത്രയും വർണ്ണം നിറഞ്ഞു നിന്ന പ്രകൃതി നീ
ക്രൂരയായ് മാറിയതെന്തേ ?
സങ്കടം നിറയുന്ന കണ്ണുകളാലെ ഞാൻ
നിന്നെ ഇന്നുറ്റു നോക്കുന്നു
മനുഷ്യർ ചെയ്യൊരു തെറ്റുകൾക്കൊക്കെയും
നീ ഒരു ക്രൂരയായ് മാറി
ഒത്തിരി പേരുടെ ജീവൻ വാങ്ങി
നീ മറയുന്നോ ഞങ്ങളിൽ നിന്ന് !!
എന്തിനിത്ര ക്രൂരയായ് വന്നു നീ

ജീവനുകൾ കൊണ്ട് മടങ്ങിയോ നീ....
നന്മ നിറഞ്ഞൊരു കേരളം നിന്നെ
വല്ലാതെ ചൂഷണം ചെയ്തതിനാലോ
കുന്നും മലയും നശിപ്പിച്ചു നിന്നെ
ഇല്ലാതെയാക്കാൻ ശ്രമിച്ചതിനാലോ
മാപ്പു നല്കണേ അമ്മയാം പ്രകൃതി നീ
ക്ഷമ നല്കി ഞങ്ങളെ കാത്തീടണേ..
അമ്മയാം പ്രകൃതി ,  ഞങ്ങളാം മക്കളെ
തെറ്റിൽ നിന്നും തിരുത്തീടണേ
ഞങ്ങളിലേക്കു നീ മടങ്ങി വന്നീടണേ....!!

# പൈതലിൻ ക്രൂരത



സുന്ദരിയാം പ്രകൃതി , നീ എന്തിനു -
കരയുന്നു, അലറി വിളിക്കുന്നു
മാനത്തെ ചന്ദ്രക്കലത്തിങ്കൾ പോലിവളെന്തേ
മൂകയായിരിക്കുന്നു, ഉള്ളൊള്ള കാലത്തോളം
കാലത്തിൻ നടുക്കടലാഴത്തിൽ പിടയുന്നു
കരഞ്ഞു വറ്റിത്തീർന്ന കണ്ണീരിൻ അലകളിൽ
മാതാവിൻ മാറിൽ കേറി ചവിട്ടിക്കളിക്കുന്ന
കുഞ്ഞിളം പൈതൽ പോലെ ഒരോരോ നാൾ പോരവേ
കൂടുന്തോറുമമ്മയ്ക്കുള്ളിൽ വേദന അസ്സഹനീയമീ -
വേളയിൽ ചിലർ കൈകൊട്ടിച്ചിരിക്കുന്നു
കുഞ്ഞിളം പൈതലിന്റെ കുസൃതിക്കളികളിൽ
സഹിക്കാൻ കഴിയാതെ വിങ്ങിക്കരയുന്നമ്മ.......

# മുത്തശ്ശിയുടെ ജാനകിക്കുട്ടി



ജാനകി പഠിച്ചതും വളർന്നതും അങ്ങ് ലണ്ടനിലാണ്. എങ്കിലും അവൾ ഏറെ ഇഷ്ടപ്പെട്ടത് നാടിനെയാണ് . അവിടെ തന്റെ അച്ഛന്റെ വീട്ടിലെ ഒരേയൊരു മുത്തശ്ശി. അവൾ തന്റെ പരീക്ഷ കഴിയാൻ കാത്തിരുന്നു. അങ്ങനെ പരീക്ഷ കഴിഞ്ഞു. അവർ നാട്ടിലേക്ക് വരാനും നാട്ടിൽ സ്ഥിര താമസമാക്കാനും തീരുമാനിച്ചു. ജാനകി ലണ്ടനിൽ ആയിരിക്കമ്പഴേ മുത്തശ്ശിയ്ക്കു കത്ത് എഴുതുമായിരുന്നു. ജാനകി തന്റെ കളിക്കൂട്ടുകാരായിരുന്ന പൂച്ചയേയും അണ്ണാറക്കണ്ണനേയുമെല്ലാം കത്തിലൂടെ അന്വേഷിക്കുമായിരുന്നു. മുത്തശ്ശിയും അവളുടെ കത്ത് വരാൻ കാത്തിരിക്കുമായിരുന്നു. അങ്ങനെ അവർ ലണ്ടനിൽ നിന്നും നാട്ടിലേക്ക് യാത്ര തിരിച്ചു. മുത്തശ്ശി തന്റെ മകനേയും മരുമകളേയും ജാനകിക്കുട്ടിയേയും കാണാനായി പടിക്കൽ തന്നെ കാത്തിരുന്നു. ഒരു കാറിന്റെ ഇരമ്പലും, മുത്തശ്ശീ.... എന്ന നീട്ടിയ വിളിയും കേട്ട് മുത്തശ്ശിയുടെ മനസ്സിൽ സന്തോഷം അലയടിച്ചു. മുത്തശ്ശി നോക്കിയപ്പോൾ കണ്ടത് തന്റെ ജാനകി

കുട്ടിയെ... അവൾ ആകെ മാറിയിരിക്കുന്നു. എങ്കിലും അവളുടെ കുസൃതി മാറിയിരുന്നില്ല. അവൾ നേരെ പാടത്തേയ്ക്കോടി. അവളുടെ അച്ഛൻ പറഞ്ഞു - "അമ്മേ , ഞങ്ങൾ ഇനി ഇവിടെ സ്ഥിര താമസമാക്കുകയാണ്. " അവർക്കും സന്തോഷമായി. ഇത്രയും നാൾ ഒറ്റയ്ക്ക് ജീവിച്ചു. ഇനി കൂട്ടുണ്ടല്ലോ..... ജാനകിയ്ക്ക് ഇഷ്ടപ്പെട്ട കഞ്ഞിയും ചുട്ട പപ്പടവും മുത്തശ്ശി നല്കി. അവൾക്ക് അമ്മയേക്കാൾ മുത്തശ്ശിയെയാണ് ഇഷ്ടം. മുത്തശ്ശിയുടെ സ്നേഹവും കരുതലുമെല്ലാം അവൾക്ക് ഇഷ്ടമാണ്. അങ്ങനെ അവൾ മുത്തശ്ശിയോടൊപ്പം കൂടി. അവളുടെ അച്ഛനും അമ്മയും നാട്ടിൽ ജോലി ചെയ്യാൻ തുടങ്ങി. പെട്ടെന്ന് അവൾക്ക് ഉപരിപഠനത്തിന് വേണ്ടി ലണ്ടനിലേക്ക് പോകാനായി ലെറ്റർ വന്നു. അച്ഛനും അമ്മയ്ക്കും വളരെയധികം സന്തോഷമുണ്ടായി. എന്നാൽ ജാനകിക്കുട്ടിയെ അത് ഒട്ടും സന്തോഷിപ്പിച്ചില്ല. മുത്തശ്ശി തന്റെ കുട്ടിയുടെ നന്മയ്ക്ക് വേണ്ടിയല്ലേ എന്ന് ആശ്വസിച്ചു. പക്ഷെ അവൾ അച്ഛനോടും അമ്മയോടും തനിക്ക് പോകാൻ താത്പര്യമില്ലായെന്ന് അറിയിച്ചു. പഠിക്കാൻ പോയില്ലായെങ്കിൽ പഴയതു പോലെ അവിടെ താമസമാകുമെന്ന് അവർ അവളോടുപറഞ്ഞു. അങ്ങനെ വളരെ വിഷമത്തോടെ അവൾ യാത്ര പുറപ്പെട്ടു. തന്റെ പേരക്കുട്ടിയുടെ അഭാവം മുത്തശ്ശിയെ തീർത്തും ദുഃഖത്തിലാഴ്ത്തി. അവരിൽ പെട്ടെന്നുതന്നെ വാർദ്ധക്യം ബാധിച്ചു. അവളുടെ അടുത്ത വരവിൽ മുത്തശ്ശി കിടപ്പിലായിരുന്നു. മുത്തശ്ശിയുടെ കിടപ്പ് അവളെ വേദനിപ്പിച്ചു. എന്നിരുന്നാലും മുത്തശ്ശിയുടെ നിർദ്ദേശമനുസരിച്ച് അവൾ പാടത്തൊക്കെ പോകുമായിരുന്നു. ഒരു ദിവസം അവൾ പാടത്തേക്ക് പോയി തിരികെ വന്നപ്പോൾ വീട്ടിനു മുന്നിൽ ആൾക്കൂട്ടം. ഓടിക്കിതച്ച് എത്തിയ അവൾ കണ്ടത്, വെള്ളത്തുണിയിൽ മൂടിപ്പുതച്ചു നിലത്തുകിടക്കുന്ന അവളുടെ മുത്തശ്ശിയെയാണ്......മുത്തശ്ശിയുടെ ജാനിക്കുട്ടി എന്ന വിളി അവളുടെ ചെവിയിൽ അലയടിച്ചുകൊണ്ടേയിരുന്നു.

വിദ്യാമോഹൻ
10G

# മാതൃത്വം



പതിയെ പതിയെ കണ്ണുകൾ തുറന്നു നാം ഉണരും
പുതിയൊരു പ്രഭാതത്തിലേക്ക്
പുറത്തേക്കിറങ്ങിയാൽ കിളികൾ തൻ
കള കള ശബ്ദങ്ങൾ കേൾക്കും
പുഷ്പങ്ങൾ പതിയെ കൺതുറന്ന്
പ്രഭാതത്തെ വരവേല്ക്കും
എൻ ദിനകൃത്ത്യങ്ങൾക്കു ശേഷം
അമ്മ എനിക്ക് ചൂടുള്ള പാലും ഭക്ഷണവും നല്കീടുന്നു
പിന്നീടോ ഓട്ടം സ്കൂളിലേക്ക്
ആദ്യ പീരിയേഡിൽ തന്നെ
ക്ലാസ്സിലേക്കെത്തുന്നു മാഷ്
പകർന്നു നല്കുന്നു നന്മയുടെ പാഠങ്ങൾ
നയിക്കുന്നു നേർവഴിയിലേക്ക് ഞങ്ങളെ
എത്ര മനോഹരമാണീ ജീവിതം
മാതൃ സ്നേഹത്തിൽ നിന്നും തുടങ്ങുന്ന ഈ ദിനങ്ങൾ
എത്ര അവർണ്ണനീയം......

പ്രിൻസി
VIII A

# വിദ്യാപീഠം




തിങ്കളും താരങ്ങളും നിറഞ്ഞ വിദ്യാപീഠം
ആണെന്റെ വിദ്യാലയം
മുന്തിരി കതിർചിന്നും തുങ്കമാം
ആലിൻ ചുവട്ടിലാണെന്റെ വിദ്യാലയം.
അക്ഷരത്താളിൻ പടിക്കെട്ടുകൾ
തുറക്കുമ്പോൾ
ഇത്തിരി സന്തോഷങ്ങൾ ഓടിക്കളിച്ച വഴി
വിദ്യ എന്ന വാക്കിനുണ്ടൊരു മഹാഅർത്ഥം
ഒത്തിരി പറഞ്ഞാലും തീരാത്ത അർത്ഥം.

ശ്രീപാർവ്വതി

VII E

# മോഹം



ചാമുണ്ഡിക്കാവിന്റെ മുറ്റത്തെ ആ കൊച്ചു -
തൈമാവിൽ കളിയാടാൻ കൊതിച്ചിരുന്നു ഞാൻ
കൊതിച്ചിരുന്നു ഞാൻ
നാളേറെ കഴിഞ്ഞിട്ടും , മോഹമേറെയുണ്ടായിട്ടും
കൊതിച്ചിരുന്നു ഞാൻ കൊതിച്ചിരുന്നു.
നടന്നു ലോകം കണ്ടിടുമ്പോളും കടന്നു പോയ -
സമയം നേടാൻ കൊതിച്ചിരുന്നു ഞാൻ കൊതിച്ചിരുന്നു
ആ നീലവാനത്തിന്റെ ചോട്ടിലെ ആ കുഞ്ഞു തൈമാവിൻ-
കൊമ്പിലെ ഊഞ്ഞാലിലാടാൻ കൊതിച്ചിരുന്നു.

# മുല്ലതൻ സൗന്ദര്യം



സൗരഭ്യം വീശും പുഷ്പമേ
നീ ഏതു രാവിലെ ഓർമ്മ
എന്നിൽ നിറഞ്ഞു
എന്നോട് പറയൂ,
    നിന്റെ സൗരഭ്യം ഏറ്റു
    കിടക്കുന്നവർ സൗരഭ്യമായ്
    തീരുന്നു അവർ മറ്റുള്ളവർക്കും
    നിന്റെയീ മണം ഹോ അവർണ്ണനീയം
നിന്റെയീ മണം മാരുതനിൽ
നീ ലയിപ്പിക്കുമ്പോൾ
അറിയുന്നു ഞാനാ അന്തരം
നിന്റെയീ സുഗന്ധം അവർണ്ണനീയം.

അദ്സ എം ആർ
8F

# സുന്ദര വനവും കുയിലമ്മയും



പണ്ട് പണ്ട് കിങ്ങിണി മലയിൽ കുറെ പക്ഷികളും മൃഗങ്ങളും സസുഖം താമസിക്കുകയായിരുന്നു. പെട്ടെന്ന് വേനൽക്കാലം വന്നതോടെ മലയിലെ പച്ചപ്പ് ഉണങ്ങി ആവശ്യത്തിന് പുല്ലും വെള്ളവും ഒന്നും ഇല്ലാതായി. കുറെ ജീവജാലങ്ങൾ അടുത്ത കാട്ടിലേക്ക് നീങ്ങാൻ തീരുമാനിച്ചു. അപ്പോൾ ബുദ്ധിമാനായ ഒരു മാൻ പറഞ്ഞു " നമുക്ക് ഇവിടെ നിന്നും ഒരു കുരങ്ങനെ മരത്തിൽ കയറ്റി വിടാം. അവൻ പോയി ചുറ്റുപാടൊക്കെ നല്ലതുപോലെ നിരീക്ഷിച്ച് എവിടെയാണ് വെള്ളവും പുല്ലും ഉള്ളത് എന്ന് കണ്ടുപിടിച്ച് വരട്ടെ." അതു കേട്ടപ്പോൾ മറ്റു മൃഗങ്ങളും അത് അംഗീകരിച്ചു. ഇത് കേട്ടുകൊണ്ട് മരത്തിന്റെ മുകളിൽ ഇരിക്കുകയായിരുന്ന ഗായികയായ കുയിലമ്മ പറഞ്ഞു, " ഞാൻ ഉയരത്തിൽ ഇരിക്കുകയല്ലേ . ഞാൻ നോക്കാം." എല്ലാവരും സമ്മതിച്ചു. കുയിലമ്മ നോക്കിയപ്പോൾ കണ്ട കാഴ്ച ,

അടുത്ത കാട്ടിൽ എല്ലാ പക്ഷികളും മൃഗങ്ങളും പാട്ടുകൾ പാടിയും നൃത്തം ചെയ്തും തങ്ങൾക്ക് ലഭ്യമായ ആഹാരവും വെള്ളവും കുടിച്ച് സന്തോഷത്തോടെ ഇരിക്കുന്നതാണ്. അത് കണ്ട കുയിലമ്മ അങ്ങോട്ട് പറന്നുപോയി കിങ്ങിണി മലയിലെ അവസ്ഥ പറഞ്ഞ് സങ്കടപ്പെട്ടു. ഇത് കേട്ട് അവിടെ ഉണ്ടായിരുന്ന പക്ഷികളും മൃഗങ്ങളും പറഞ്ഞു - " കുയിലമ്മേ, നീ പോയി നിന്റെ കൂട്ടുകാരെ ഇവിടേക്ക് കൂട്ടിക്കൊണ്ട് വരൂ. നമുക്ക് ലഭ്യമായ ഈ സമൃദ്ധി അവരും അനുഭവിക്കട്ടെ." " ശരിയാണ്, ഞാൻ തിരികെ പോയി എന്റെ കൂട്ടുകാരെ വിളിച്ചുകൊണ്ട് വരാം. ഇതും പറഞ്ഞ് കുയിലമ്മ കിങ്ങിണി മലയിലേക്ക് പറന്നുപോയി.എല്ലാവരും കുയിലമ്മയുടെ വരവും പ്രതീക്ഷിച്ച് ഇരിക്കുകയായിരുന്നു. കുയിലമ്മ എത്തിയതും എല്ലാവരും ചാടിഎഴുന്നേറ്റ് ഒരേ സ്വരത്തിൽ ചോദിച്ചു - " കുയിലമ്മേ, സുന്ദര വനത്തിലുള്ളവർ എന്താണ് പറഞ്ഞത് ? " " സുന്ദരവനത്തിലുള്ളവർ നമ്മെ അവിടേക്ക് സ്വാഗതം ചെയ്തിരിക്കുകയാണ്. പ്രകൃതി കനിഞ്ഞ് നല്കിയ വരദാനം എല്ലാവർക്കും അനുഭവിക്കാനുള്ളതാണെന്നാണ് അവരുടെ അഭിപ്രായം." ഇത് കേട്ടതും കിങ്ങിണി വനത്തിലുള്ളവർക്ക് ഒരുപാട് സന്തോഷമായി.എല്ലാവരും സുന്ദരവനത്തിലേക്ക് പോകാൻ തീരുമാനിച്ചു. സുന്ദര വനം കിങ്ങിണി മലയിലെ കൂട്ടുകാരെ സ്വാഗതം ചെയ്യാനായി തയ്യാറായി നിൽക്കുകയായിരുന്നു.എല്ലാവരും സന്തോഷത്തോടെ പിണക്കങ്ങളും പരിഭവവും ഒന്നുമില്ലാതെ സുന്ദരവനത്തിൽ സുഖമായി ജീവിച്ചു.

# മാതൃസ്നേഹം



അമ്മയാണെൻ ജീവനും ലോകവും
ജനനി നിൻ നൈർമല്യം ഞാനറിഞ്ഞിടുന്നു
നിൻ ചുംബനം ഏൽക്കുവാൻ ഞാൻ കൊതിച്ചിടുന്നു
നിൻ ചൂടേൽക്കവേ സ്നേഹമെന്തെന്നറിഞ്ഞു
നിൻ പുഞ്ചിരി എനിക്ക് പ്രചോദനമായ് മാറി
നീയാണെനിക്ക് സർവ്വവും
നീയില്ലെങ്കിൽ ഞാൻ പരിപൂർണ്ണമല്ല
ഒരിക്കലും മറക്കാത്ത ആ മുലപ്പാലിൻ
മാധുര്യം എന്നിൽ നിറഞ്ഞു അമൃതായ്
ഒരിക്കലും മറക്കാത്ത ആ മുഖം എന്നിൽ നിഴലിച്ചു
എൻ മനസ്സിലെ കാർമേഘങ്ങൾ നീ തുടച്ചുനീക്കി
സത്യവും ധർമ്മവും നിന്നിൽ നിന്നും ഞാനറിഞ്ഞു
നീ മായരുത് ജനനി മറയരുത്
നിൻ കരസ്പർശം എന്നെ മനുഷ്യനാക്കി
നീ എന്റെ ഭാഗ്യമാണ് , ദൈവമാണ്

**44**

ദേവതയായ് എൻ മനസ്സിൽ നീ കുടികൊണ്ടു
വാടിയുണങ്ങിയ പൂക്കൾ നിൻ കരസ്പർശത്താൽ
ആനന്ദനൃത്തമാടിടുന്നു
നീയാണെൻ ആദ്യഗുരു
ജീവിതത്തിൻ ധർമ്മം നീ എൻ മനസ്സിൽ
തല്ലിപ്പഠിപ്പിച്ചു
ആ തല്ലിൽ വേദനയില്ല സ്നേഹത്തിൻ മാധുര്യം മാത്രം
നീ എന്നിൽ നിന്നും അകന്നുപോയപ്പോൾ
ഞാനറിയുന്നു നിൻ ചൈതന്യം
നീ എൻ ജീവിതം ധന്യമാക്കി.

അമൃത എ
8F

# സൂര്യകാന്തി



സൂര്യകാന്തി പൂവേ,
നിന്നെക്കാണാൻ എന്തൊരഴക്
പാലപ്പൂവിൻ അഴക് നിനക്ക്
ചെഞ്ചുണ്ടിൻ അഴക് നിനക്ക്
നിൻ ശോഭയാൽ ഞാൻ മങ്ങിമറഞ്ഞു.
നീയെൻ അരികിൽ എന്നു വരും
കളിയാടാൻ വരുമോ നീ ?
കഥ പറയാൻ വരുമോ നീ ?
വൃക്ഷ ലതാദികൾ കൊണ്ട് മൂടിയാൽ
എന്നിൽ നിന്നും മറയുകയില്ലേ നീ,
ശലഭങ്ങൾ നിന്നെ തേടി വരുന്നിതാ
ഹാ ! സൂര്യകാന്തി പൂവേ
നിൻ ശോഭയാൽ തേടി വരുന്നിതാ ഞങ്ങൾ..

# സത്യസന്ധത



മനോഹരമായ ഒരു ഗ്രാമം. ആ ഗ്രാമത്തിന്റെ സൗന്ദര്യം പറഞ്ഞറിയിക്കുന്നതിലും അപ്പുറമാണ്. പാഞ്ഞൊഴുകുന്ന നദികളും കാറ്റിലാടിയുലയുന്ന മരങ്ങളും ശബ്ദമുണ്ടാക്കുന്ന കിളികളും ഒക്കെ കൊണ്ട് ആ ഗ്രാമം നിറഞ്ഞിരുന്നു. ആ ഗ്രാമത്തിലൂടെ നടക്കവേ രണ്ട് ബാലൻമാരെ കണ്ടുമുട്ടി. ഒന്നാമത്തവൻ വിനോദും രണ്ടാമത്തവൻ കണ്ണനുമാണ്. അവരുടെ ഓരോ ചലനങ്ങളും ഞാൻ നിരീക്ഷിച്ചു.

അവർ രണ്ടുപേരും കളിച്ചുകൊണ്ടിരിക്കുകയാണ്.കളിയുടെ നിയമങ്ങൾ വിനോദ് കണ്ണനോട് പറഞ്ഞുകൊടുക്കുന്നു.നിയമങ്ങൾ ശ്രദ്ധിച്ചു കേട്ടതിനുശേഷം അവർ കളി ആരംഭിച്ചു. ഞാൻ അവരുടെ കളി നിരീക്ഷിച്ചുകൊണ്ട് ഒരിടത്ത് മാറി നിന്നു. അവരുടെ കളി എന്നത്, ആരാണ് മനോഹരമായി കവിത എഴുതുന്നത് എന്നതായിരുന്നു. സ്വന്തമായിട്ടായിരുന്നു കവിത എഴുതേണ്ടത്.പക്ഷേ അതിനിടയിൽ ഒരു കള്ളക്കളി നടന്നു. കണ്ണൻ ഒരു പുസ്തകം നോക്കി കവിത എഴുതുന്നു. വിനോദ് സ്വന്തമായി കവിത എഴുതുന്നു. കുട്ടികൾ കവിത എഴുതി തീർന്നു. രണ്ടുപേരും കവിതയെ വിലയിരുത്തി. വിനോദിന്റെ കവിതയേക്കാൾ കണ്ണന്റെ കവിത കൊള്ളാം. അവരുടെ മത്സരം പൂർത്തിയായി. ഒരു വഴിയാത്രക്കാരനും കണ്ണന്റെ കവിതയാണ് ഇഷ്ടമായത്. അപ്പോൾ ഞാനാകുട്ടികളുടെ അടുത്തെത്തി. എന്നിട്ട് കണ്ണനോട് ചോദിച്ചു, നീ എങ്ങനെയാണ് കവിത എഴുതിയത് ? അപ്പോഴേക്കും അവന്റെ മുഖം വാടി. അപ്പോൾ ഞാൻ പറഞ്ഞു, മോനേ നീ എത്രത്തോളം കള്ളം പറഞ്ഞാലും ഒരു നാൾ പിടിക്കപ്പെടും. മോൻ പുസ്തകം നോക്കിയല്ലേ എഴുതിയത്. കണ്ണന് മനസ്സിലായി നമ്മുടെ കള്ളം എപ്പോഴെങ്കിലും പിടിക്കപ്പെടുമെന്നും എപ്പോഴും സത്യം പറയണമെന്നും. വിനോദിനും സുഹൃത്തിന്റെ തെറ്റ് മനസ്സിലായി. വിനോദും കണ്ണനും പിന്നീട് സത്യത്തിന്റെ പാതയിലൂടെ മാത്രം സഞ്ചരിച്ചു.

# മടിയുള്ള പഴം

ആഫ്രിക്കകാരുടെ വിശ്വാസമനുസരിച്ച് 'ബംബ ' എന്ന ദൈവമാണ് ഈ പ്രപഞ്ചവും അതിലെ സകല സാധനങ്ങളും സൃഷ്ടിക്കാൻ തുടങ്ങിയത്. ഇത്രയധികം സാധനങ്ങൾ ഒറ്റയ്ക്ക് സൃഷ്ടിക്കണ്ടേ.? അതെളുപ്പമല്ലല്ലോ ! സൂര്യനേയും ഭൂമിയേയും ചന്ദ്രനേയുമൊക്കെ സൃഷ്ടിച്ചു കഴിഞ്ഞപ്പോഴേ ബംബ ക്ഷീണിച്ചു. ഹാ... ബംബ കോട്ടുവായിട്ടു. അപ്പോൾ വായിൽ നിന്നും മൂന്നുപേർ പുറത്തേക്കു ചാടി. ബംബ ചിന്തിച്ചു...." എന്തായാലും നന്നായി.. ബാക്കിയുള്ളത് സൃഷ്ടിക്കാൻ ആളായല്ലോ..ബംബ ഒന്നാമനോട് കിളികളേയും മൃഗങ്ങളേയും സൃഷ്ടിക്കാൻ പറഞ്ഞു. അവൻ വേഗം ജോലി തുടങ്ങി. രണ്ടാമനോട് കടലിലെ ജീവികളെ സൃഷ്ടിക്കാൻ പറഞ്ഞു. അവനും പണി തുടങ്ങി. ഏഴു ദിവസം വേണം എല്ലാം സൃഷ്ടിച്ചു തീരാൻ...മൂന്നാമൻ ആളൊരു മടിയനായിരുന്നു. വിയനു എന്നായിരുന്നു അവന്റെ പേര്." നീ വേഗം മരങ്ങളെ സൃഷ്ടിക്കൂ." ബംബ വിയനുവിനോട് പറഞ്ഞു. "എനിക്ക് ഇതൊക്കെ ഉണ്ടാക്കാൻ കഷ്ടിച്ച് ഒരു ദിവസം മതി. ഞാനിപ്പോൾ വിശ്രമിക്കട്ടെ." എന്നിട്ടവൻ കിടന്ന് ഉറക്കമായി.ആറു ദിവസങ്ങൾ കഴിഞ്ഞു. കരയും കടലും ജീവികളെ കൊണ്ട് നിറഞ്ഞു. മരങ്ങളും ചെടികളും മാത്രമില്ല.അതൊക്കെ ഉണ്ടാക്കേണ്ട വിയനു ഉറക്കത്തിലല്ലേ...

ഏഴാം ദിവസം രാവിലെ വിയനു എഴുന്നേറ്റു. മരങ്ങളും ചെടികളും സൃഷ്ടിക്കാൻ തുടങ്ങി. ഉച്ചയായിട്ടും ആകെ രണ്ട് മരങ്ങൾ മാത്രമാണ് അവന് സൃഷ്ടിക്കാനായത്. മറ്റു രണ്ടു ചങ്ങാതിമാരെ വിയനു കൂട്ടിനുവിളിച്ചു."ഇല്ലില്ല ഞങ്ങൾ സഹായിക്കുന്ന പ്രശ്നമില്ല. നീ മടി പിടിച്ച് കിടന്നുറങ്ങിയിട്ടല്ലേ.."അതുകേട്ട് ബംബ ഓടി വന്നു. മടിയനായ വിയനു കാരണം ഭൂമിയിൽ മരങ്ങളും ചെടികളും ഇല്ലാതിരിക്കുന്നത് മോശമല്ലേ..അതുകൊണ്ട് ബംബ വേഗം ജോലി തുടങ്ങി. മറ്റ് രണ്ടു പേരും ബംബയെ സഹായിക്കാനെത്തി. അങ്ങനെ അവർ വേണ്ടത്ര സസ്യങ്ങളെ സൃഷ്ടിച്ചു.ബംബ വിയനുവിനോട്പറഞ്ഞു

"നീ ആകെ ഉണ്ടാക്കിയത് രണ്ട് മരങ്ങളെയാണ്. അതാണെങ്കിൽ ശരിയായിട്ടുമില്ല. നീയുണ്ടാക്കിയ മരത്തിലെ ഫലം കഴിക്കണമെങ്കിൽ മനുഷ്യർ എന്തു മാത്രം ബുദ്ധിമുട്ടണം. ഈ രണ്ടു മരങ്ങളും ഭൂമിയിൽ വേണ്ട. " "ക്ഷമിക്കു എല്ലാം എന്റെ മടിയുടെ ഫലമാണ്." വിയനുവിന് വളറെയധികം വിഷമമായി എന്നു മനസ്സിലാക്കിയ ബംബ പറഞ്ഞു , സാരമില്ല, ഈ രണ്ടു മരങ്ങളും ഭൂമിയിൽ ഉണ്ടായിക്കോട്ടെ , "പക്ഷേ മടിയനായ നീ ഉണ്ടാക്കിയ ഈ മരത്തിന്റെ ഫലങ്ങൾ മടിയില്ലാത്തവർക്കു മാത്രമേ ഭക്ഷിക്കാൻ കഴിയുകയുള്ളൂ. " മടിയില്ലാത്തവർക്കു മാത്രം രുചിക്കാൻ കഴിയുന്ന ആ ഫലങ്ങൾ എന്തൊക്കെയാണെന്നോ... ചക്കയും, തേങ്ങയും ! പുറത്തെ തൊലിയും അരക്കുമൊക്കെ കളഞ്ഞാൽ മാത്രമേ ചക്കപ്പഴം തിന്നാൻ കഴിയുകയുള്ളൂ. ഉയരമുള്ള തെങ്ങിനു മുകളിൽ കയറിയാലേ തേങ്ങ കിട്ടുകയുള്ളൂ. വിയനുവിന്റെ മടിയുടെ ഫലമാണ് പ്ളാവും തെങ്ങുമെന്നാണ് ആഫ്രിക്കകാരുടെ വിശ്വാസം..

# വിശ്വമേ സത്യം



ഹാ ! എത്ര കാലമായ് സമുദ്രത്തിൻ
ആഴിയിൽ അകപ്പെട്ടു കിടക്കവേ
ഞാനീ കന്നിമാസത്തിൻ ആരംഭത്തിൽ
അർദ്ധ നഗ്നമാകവേ ,
കാലം തോറും മാറി വരുന്നീ വസന്തവും
എന്നെ നോക്കി ചിരിപ്പതേ ,

ആഴിയിൻ ഗർത്തത്തിലാകവേ ഞാനീ -
ഭ്രമി തൻ മാറിൽ തല ചായ്ച്ചുറങ്ങവേ ;
എന്നെ തഴുകി പുണർന്ന ആഴിതൻ തിരകൾ
പ്രകമ്പനം കൊള്ളുന്ന എൻ മനം എന്തുകൊണ്ടോ
അംബരത്തിനായ് കത്തിജ്വലിക്കുമീ അർക്കനോ
എൻ മാറിനെ നോവിക്കുന്നു,

സമുദ്രത്തിലാകവേ എൻ മനം കൂട്ട -
രെ ക്കാണുവാനായ് വിതുമ്പുന്നുവോ ?
സൂര്യാംശുവോലും ജലത്തിങ്കൽ എൻ

മൃദുവാം ഹൃദയം പൊടിഞ്ഞുപോകുമോ ?
ജലത്തിങ്കലായി ഞാനാകവേ മധു -
വൂറും നിമിഷങ്ങൾ മറന്നു പോമോ ?
എനിക്കറിവതില്ലേ ഈ പ്രപഞ്ച -
മെൻ ജീവിതത്തെ എപ്രകാരമാക്കുമെന്ന്.

എൻ ഹൃദയ താളം നിലയിക്കുന്നതീ
സമുദ്രത്തിലായ് പോമോ ?
ഒരായിരം ചോദ്യങ്ങളെൻ ഹൃദയത്തി -
ലായൊഴുകുന്നുണ്ടെന്നെനിക്കറിയാം.

എങ്കിലും ഞാനീ സാഗരത്തിന്നടിത്തട്ടിൽ
അംബരത്തെ പ്രതിഫലിപ്പിക്കവേ
എന്നുള്ളിൽ വിശ്വത്തിൻ രൂപമയം
എത്ര മനോഹരമാണാ ദൃശ്യം.

അനന്ത സാഗരത്തിന്നുള്ളിലീ പരൽ -
മീനാം ഞാനാകവേ
എന്തിനു ദൈവമേ എന്നെ നീ
ഇപ്രകാരം നോവിപ്പൂ ?

ഞാനുമീയൂഴിയിൽ ജീവിപ്പതല്ലേ
എന്നെയും നീ നിന്റെ പക്കലേക്ക്
വിളിക്കുകില്ലേ ?
അതിനായ് കാത്തിരിക്കുന്നു ഞാൻ.

വസന്തവും മാരിയും എന്നെത്തഴുകവേ
എൻ ഹൃദയത്തിൻ ഉൾക്കാമ്പിൽ
നീ തന്ന മധുര സ്മിതം ഞാ -

നൊരിക്കലും മറപ്പതില്ലാ ;
എനിക്കറിവതില്ല എന്തിനു നീ
എന്നെ ഏകനായിങ്ങനെ വിട്ടയ -
പ്പതെന്ന് ; ഞാനോ ഒരു ചെറു -
പരൽ മീനല്ലേ ?
മാരിവില്ലിൻ വർണ്ണങ്ങളെന്നെ വിസ്മ -
യിപ്പിക്കുന്നതേ സത്യം
ഇനിയുമീ പൃഥ്വിയിൽ ഞാ-
നൊറ്റയ്ക്കായ് പോമോ ?
വസന്തമേ നീയുമെന്നെ വിട്ടുപോ -
യാലോ ഏകനായ് ഞാൻപ്പിന്നിരപ്പതില്ലേ !
നീയുമെന്നുമെൻ കൂടെയിരി -
പ്പതില്ലേ നിഴലായ് ;
ഇനിയുമീ സമുദ്രത്തിലാണോയെൻ
ജീവിതമെന്റെ ഈശാ ?
എന്നെയീ ഭൂവിലിനിയും നീ
വാഴ്ത്തുമോ എന്റെയീശാ ?

# പൂവേ നീ മായല്ലേ

പൂവേ നീ കൊഴിയല്ലേ
പൂന്തെന്നൽ വന്നു വിളിച്ചാൽ പോകല്ലേ
പുലരി പൂത്തു മഴയിൽ പോലും നീ പൊഴിയല്ലേ
ഒരിതൾ പോലും നീ കൊഴിക്കല്ലേ .
പുതുമണ്ണിന് ചൂടാനൊരു പൂവിതൾ
നീ നൽകല്ലേ
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതൾ
നീ നൽകല്ലേ
വെള്ളി നിലാവിൽ പുഞ്ചിരിക്കും നിൻ
ചിരി മാഞ്ഞിടല്ലേ
പൂവണ്ടിൻ പ്രണയ നിനവാണോ നിന്നിൽ,
നിന്നെ കാണാനെന്നും കൊതിയാണേ
എനിക്ക് നിന്നെ കാണാനെന്നും
കൊതിയാണേ പൂവേ....
മിഴികൾ മെല്ലെ കൊഴിഞ്ഞ് മഴ വന്നാൽ
നീ ഇതൾ കൊഴിഞ്ഞിടല്ലേ
എനിക്ക് കാണാൻ വയ്യ നിന്റെ
പുഞ്ചിരിയിലലിഞ്ഞ നിരാശ
പനിനീർ ദളം പോലെ മൃദുവായ
നിൻ ഇതളുകൾ
വിടർന്നു നിൽപ്പൂ...
നിൻ മിഴികൾ പൊഴിഞ്ഞിടല്ലേ.........



# ഹാ സുന്ദരമീ വിദ്യാലയം




എത്ര സുന്ദരമെൻ വിദ്യാലയം
എത്ര മാധുര്യമാണെൻ വിദ്യാലയം
മധുപൻ തൻ മധു പോൽ
കേകി നിരകൾ തൻ സൗന്ദര്യം പോൽ
വർണ്ണാഭമാണെൻ വിദ്യാലയം
കോകില ജാലം തൻ മാധുര്യ ശ്രുതി പോൽ
മാധുര്യമാണെൻ വിദ്യാലയം
മധു തേടിടും ശലഭങ്ങൾ പോൽ
അറിവാർജ്ജിച്ചിടാം
പാരിൻ പാലൊളി തീർത്തീടാനായ്
പൂനിലാവോലുന്ന തിങ്കൾ പോലെ
ളുവെള്ളി താരം തൻ ശോഭ പോലെ
മഴവില്ല് തന്നുടെ നിറങ്ങൾ ചാലിച്ച്
നിർമ്മിച്ചതാണെൻ വിദ്യാലയത്തിനെ
നീലവിതാനമാം ആകാശത്ത്
നീന്തിത്തുടിക്കുന്ന മേഘം പോലെ
ജാലകപക്ഷിയെ പോലെ
മധു തൻ മാധുര്യവും, കേകി തൻ സൗന്ദര്യവും
നിറകൊള്ളും വിദ്യാലയം,
അതിശ്രേഷ്ഠമീ വിദ്യാലയം.

# സ്നേഹം പകർന്നിടാം

സ്നേഹിച്ചിടാം നമുക്ക് സ്നേഹിച്ചിടാം
ഈ ഉലകത്തിലെ സർവ്വ ചരാചരങ്ങളേയും
സ്നേഹിച്ചിടാം
വർഷ ബിന്ദുക്കൾ പോലെ സ്നേഹം വിതറിടാം
ശ്വേത മേഘങ്ങൾ പോലെ
നാമേവരുടേയും സ്നേഹം എങ്ങും പറക്കട്ടെ
എങ്ങും  സ്നേഹം നിറയുമ്പോൾ
ജീവിതം ആനന്ദകരമായിടുന്നു
സ്നേഹം പകർന്നീടും ഹൃദയം ദൈവത്തിൻ സ്മാരകമായിടുന്നു.
സ്നേഹത്തിന് വർണ്ണങ്ങളില്ല , മുഖങ്ങളില്ല
ഒരേയൊരു നൈർമല്യം മാത്രം
ദിവ്യമാർന്ന സ്നേഹം പകർന്നീടുന്നവർ
കോപമെന്തെന്നും മറന്നീടുന്നു
സ്നേഹിച്ചിടാം നമുക്ക് സ്നേഹിച്ചിടാം
ഈ ലോകത്തിലെ സർവ്വ ചരാചരങ്ങളേയും.

അമൃത എ
8C

# വിശ്വാസം



പണ്ടുപണ്ട് ഒരു കാട്ടിൽ ഒരു മരത്തിൽ രണ്ട് കിളികൾ താമസിച്ചിരുന്നു. നീലക്കിളിയും മഞ്ഞക്കിളിയും. വളരെ സുഹൃത്തുക്കളായിരുന്നു ഇരുവരും. എല്ലാദിവസവും നീലക്കിളി കാട്ടിൽ പോയി ആഹാരം ശേഖരിച്ച് കൊണ്ടുവരുമായിരുന്നു. അങ്ങനെയിരിക്കെ രണ്ടുമൂന്നു ദിവസം കൊണ്ട് നീലക്കിളി ശേഖരിക്കുന്ന ആഹാരമൊക്കെ ആരോ തിന്നുകൊണ്ട് പോകുന്നു. നീലക്കിളി വിചാരിച്ചു തന്റെ സുഹൃത്തായ മഞ്ഞക്കിളി ആയിരിക്കും അതെന്ന്. കൂട്ടുകാരനല്ലേ എന്ന് പറഞ്ഞ് നീലക്കിളി അത് കാര്യമാക്കിയില്ല. അങ്ങനെ ഒരു ദിവസം നീലക്കിളി ആഹാരം തേടിപോയപ്പോൾ മഞ്ഞക്കിളി തന്റെ കൂട് വിട്ട് എങ്ങോട്ടോ പോയി.നീലക്കിളി ആഹാരവുമായി തിരികെ വന്നപ്പോൾ താൻ ശേഖരിച്ചുവച്ചിരുന്ന ആഹാരം കാണാനില്ല. ആരോ അത് ഭക്ഷിച്ചിരിക്കുന്നു. നീലക്കിളിയ്ക്ക് ദേഷ്യം വന്നു. അന്ന് രാത്രിയാണ് മഞ്ഞക്കിളി വീട്ടിലേയ്ക്ക് വന്നത്. അപ്പോൾ നീലക്കിളിയെ വീടിന്റെ മുൻവശത്തായി മഞ്ഞക്കിളികണ്ടു. നീലക്കിളി മഞ്ഞക്കിളിയെ വഴക്ക് പറഞ്ഞു. അപ്പോൾ മഞ്ഞക്കിളി പറഞ്ഞു, ഞാൻ ഇവിടെ ഇല്ലായിരുന്നു.ഇപ്പോഴാണ് വന്നു കയറിയത് . നീലക്കിളി മഞ്ഞക്കിളിയോട് വീട് വിട്ടിറങ്ങിപ്പോകാൻ പറഞ്ഞു. മഞ്ഞക്കിളി അങ്ങനെ വീടുവിട്ടിറങ്ങി.

ദിവസങ്ങൾ കഴിഞ്ഞു. ഒരു ദിവസം നീലക്കിളി ഭക്ഷണം തേടിപോയിട്ട് തിരികെ വന്നപ്പോൾ ഒരു കാഴ്ച കണ്ടു. അണ്ണാൻമാർ പഴങ്ങൾ കഴിക്കുന്നു. നീലക്കിളിക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. താൻ മഞ്ഞക്കിളിയോട് തെറ്റാണ് ചെയ്തതെന്ന് അവന് മനസ്സിലായി. അവൻ മഞ്ഞക്കിളിയെ തിരികെ വിളിച്ചു. അവർ സന്തോഷത്തോടെ വീണ്ടും ഒരുമിച്ച് ജീവിക്കാൻ തുടങ്ങി.

# സ്വന്തം കാര്യം



രാമുവും ദാമുവും വളരെ അടുത്ത ചങ്ങാതിമാരായിരുന്നു. രാമുവിന് അച്ഛനും അമ്മയും മാത്രമേയുള്ളൂ. ദാമുവിന് അച്ഛനും അമ്മയും ഭാര്യയും നാല് മക്കളുമുണ്ടായിരുന്നു. രാമുവിന്റേയും ദാമുവിന്റേയും വയലുകൾ അടുത്തടുത്തായിരുന്നു. രണ്ടുപേരും പാടത്ത് ഒരുപാട് പണി ചെയ്യും. അങ്ങനെ കൊയ്ത്തുകാലമായി. ദാമു നല്ലതുപോലെ അധ്വാനിച്ചിട്ടും അയാളുടെ വയലിൽ സ്വന്തം വീട്ടുകാർക്ക് ഭക്ഷിക്കാനുള്ള നെല്ല് പോലും ഉണ്ടായിട്ടില്ല. പക്ഷേ രാമുവിന്റെ വയലിൽ നെല്ല് നിറയെ ഉണ്ടായിരുന്നു.രാമു ദാമുവിന്റെ വീട്ടിലേക്ക് പോയിട്ട് പറഞ്ഞു - " കൂട്ടുകാരാ, നമുക്ക് വിളവെടുക്കാം. " അപ്പോൾ ദാമു പറഞ്ഞു " നമുക്ക് അടുത്ത ആഴ്ച വിളവെടുക്കാം. എന്റെ വയലിൽ നെല്ലുകളൊന്നും വിളഞ്ഞിട്ടില്ല. " ദാമു പതിവിനു വിപരീതമായി ദേഷ്യത്തോടെയാണ് രാമുവിനോട് സംസാരിച്ചത്. രാമു വിഷമത്തോടെ വീട്ടിലേക്ക് പോയി. അപ്പോഴാണ് രാമുവിന് ഒരു കാര്യം ഓർമ്മ വന്നത്. ഇവിടെ അടുത്ത് ഒരു സന്യാസി താമസിക്കുന്നുണ്ടല്ലോ. അദ്ദേഹത്തിന്റെ അടുക്കൽ പോയി അന്വേഷിച്ചാൽ വിളവ് കുറഞ്ഞതിന്റെ കാരണം പിടികിട്ടും. ദാമു സന്യാസിയുടെ വീട്ടിലേക്ക് പോയി. തന്റെ വിഷമങ്ങൾ സന്യാസിയോട് പറഞ്ഞു. എനിക്കാണെങ്കിൽ വലിയ കുടുംബഭാരമുള്ളതാണ്. എന്നിട്ടും എന്റെ പാടത്ത് സ്വന്തം വീട്ടുകാർക്ക് കഴിക്കാനുള്ളതുപോലും വിളയുന്നില്ല. ഇതു കേട്ട സന്യാസി പറഞ്ഞു, -" മകനേ നിനക്കു നിന്റെ കുടുംബത്തിനെക്കുറിച്ചുള്ള ചിന്ത മാത്രമേയുള്ളൂ . പക്ഷേ രാമു ലോകത്തിലെ എല്ലാവർക്കും നല്ലതു വരണം എന്നാണ് പ്രാർത്ഥിക്കുന്നത്. അതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. "

# സൂര്യൻ



ഉദയസൂര്യനെ നോക്കി അതിരാവിലെ
ഉണർന്നു ഞാൻ കാത്തിരുന്നു,
ഞാൻ മാത്രമല്ല നിന്നെ
സ്നേഹിക്കുന്ന പൂക്കളും
ചെടികളും, മരങ്ങളും
പുഴകളും , പ്രകൃതിയൊട്ടാകെയും
നിന്നെ കാത്തിരുന്നു.
ഇന്നലെ പടിഞ്ഞാറ്റുറങ്ങാൻ-
പോയ നിനക്കെന്തേ
വരാനിത്ര താമസം
നീ ഉണർന്നു വന്നപ്പോൾ,
നിൻ കിരണങ്ങൾ എന്നിൽ
പതിച്ചപ്പോൾ ഞാൻ
കോരിത്തരിച്ചു പോയീ , നിന്നിൽ -
ലയിച്ചു പോയി...

മെറിൻ ജേക്കബ് പി എസ്
9 G

## ഒഴുകുമീ വേദന



THE STREET CAROL.—DRAWN BY PHIZ.

ചിതറിത്തെറിക്കുന്ന പല ജീവിതം
ചിന്നിച്ചിതറിയ പല മുഖങ്ങൾ
അശ്രുക്കടലിൽ മുങ്ങിത്തുടിക്കവേ
പറയാതെ പോയ പല ബന്ധവും
മിണ്ടാതെ പോയ പല ബന്ധവും
പൃഥ്വി തൻ മാറിൽ തലചായ്ച്ചുറങ്ങി
പ്രാണവായുവിനായ് നാം ഹൃദയം തുറന്നു
കുചേലനും കുബേരനും ഒന്നായി ഈ മണ്ണിൽ
ആരോരുമില്ലാതെ ഏകനായി
സത്യവും ധർമ്മവും നീതിയും ന്യായവും
പ്രളയക്കെടുതിയിൽ ഒലിച്ചുപോയോ ..
മാനുഷികതയെന്തെന്നറിഞ്ഞു നാമേവരും
ഹിന്ദുവും ക്രിസ്ത്യവും മുസൽമാനും
കൈകോർത്തു നിന്നു ചങ്ങല പോൽ
കാട്ടുതീ പോലെ പടർന്നു പ്രളയം
രക്തത്തിൽ ഗന്ധം എങ്ങും പടർന്നു
ഒരു കൈത്താങ്ങിനായ് നാം അലഞ്ഞു
ജീവിത പോരാട്ടത്തിനിടയിൽ നാം
സ്നേഹമെന്തെന്നറിഞ്ഞു
ഒന്നുകണ്ണുരുറക്കും മുൻപേ
എന്നിൽ നിന്നും വിട്ടകന്ന ബന്ധങ്ങളെയോർത്ത്
ഞാൻ വിങ്ങിപ്പൊട്ടി അനാഥനായി
ലാവണ്യമാർന്ന സർവ്വവും

എന്നെത്തനിച്ചാക്കി യാത്രയായി
കേരളം ദു:ഖത്തിൻ ഗർഭപാത്രമായി
ഉണങ്ങാത്ത മുറിവുകൾ
എൻ ഹൃദയത്തിൽ പതിച്ചു
ആ വേദനയിൽ ഞാൻ എരിഞ്ഞമർന്നു
സൂര്യകാന്തികൾ എന്നിൽ നിന്നും അകന്നു പോയി
തള്ളി പറഞ്ഞവർ തല്ലിച്ചതച്ചവർ
നമ്മെ മാറോടു ചേർത്തുറക്കി
മയിൽപ്പീലി കൊണ്ടു മെല്ലെ തഴുകി
എന്തിനീ പകയും വിദ്വേഷവും
സ്നേഹിച്ചിടാം നമുക്കു സ്നേഹിച്ചിടാം
ഈ പ്രളയം തല്ലിപഠിപ്പിച്ച
ഗുണപാഠങ്ങൾ എന്നെ മനുഷ്യനാക്കി
ആഴ്ന്നിറങ്ങിയ പല ബന്ധവും
പൊട്ടി മുളച്ച പല ബന്ധവും
ഓർമ്മയായ് എൻ മനസ്സിൻ താഴ്വരയിൽ...

# സ്നേഹം



സ്നേഹമുണ്ടാകണം എല്ലാ മനസ്സിലും
സ്നേഹമുണ്ടാകണം എല്ലാവരോടും,
ആരോടും ദേഷ്യമരുതേ !
മുഖത്തെപ്പോഴും പുഞ്ചിരിയുണ്ടാകണം.
നന്മയുണ്ടെങ്കിലെ നമ്മുടെ ഹൃദയത്തിൽ
സ്നേഹം കുടിയിരിക്കുകയുള്ളൂവെന്നും
സ്നേഹമെന്നും സന്തോഷമുണ്ടാക്കുമെന്നും
ദേഷ്യമെന്നും ദു:ഖമുണ്ടാക്കുമെന്നും
മനസ്സിലെപ്പോഴും ചിന്തയുണ്ടാകണം.
സ്നേഹം മനസ്സിലുണ്ടായാൽ
ദൈവം കുടിയിരിക്കുമെന്നും നമ്മിൽ,
സ്നേഹമുണ്ടാകണം എല്ലാ മനസ്സിലും
സ്നേഹമുണ്ടാകണം എല്ലാവരോടും.

മേന്മ എസ്സ് എസ്സ്
VIII A

# റോഡിൽ പൊലിഞ്ഞ ജീവൻ

നിശ്ശബ്ദമായ പ്രദേശം . ഒരു വലിയ മരച്ചുവട്ടിൽ വിദൂരതയിൽ കണ്ണുംനട്ട് ഒരാൾ ഇരിക്കാൻ തുടങ്ങിയിട്ട് ഏറെ നേരമായി. അയാളുടെ ശ്രദ്ധ മറ്റെവിടെയോ ആണ്. ഇടയ്ക്കിടെ അയാളുടെ കണ്ണിൽ നിന്നും കണ്ണുനീർ പൊഴിയുന്നുണ്ട്. അത് എന്തിന്റെയോ സന്ദേശമായി എനിക്ക് അനുഭവപ്പെട്ടു.ആരാകും അയാൾ ? അയാൾ എന്തിനായിരിക്കും കരയുന്നത് ? ഞാൻ അയാളോട് കാര്യം തിരക്കി. അയാൾ എനിക്കു തന്ന മറുപടി "മോളെ, എന്റെ പേര് ദാമു. എനിക്ക് ഭാര്യയും ഒരു മകനുമാണുള്ളത്. ഞങ്ങൾ വളരെ കഷ്ടപ്പെട്ടാണ് ജീവിച്ചിരുന്നത്. ഞാൻ കൂലിപ്പണിക്കാരനാണ്. ഒരു ദിവസം എന്റെ മകൻ എന്നോട് ഒരു ആഗ്രഹം പറഞ്ഞു.അവനൊരു ബൈക്ക് വേണം എന്ന്. ഞങ്ങൾ പാവങ്ങളാണെങ്കിലും അവന്റെ ആഗ്രഹം സാധിപ്പിക്കാൻ ഞാൻ തയ്യാറായി. കടം വാങ്ങി അവന് ഒരു ബൈക്ക് വാങ്ങിക്കൊടുത്തു. കടം മെല്ലെ ഞാൻ വീട്ടാൻ തുടങ്ങി. എന്റെ മകന് പതിനേഴ് വയസ്സ് മാത്രമേയുള്ളൂ. അവന് അമിതവേഗമാണ് വണ്ടി ഓടിക്കുമ്പോൾ എന്ന് പലരും എന്നോട് പറഞ്ഞു. എന്നാൽ ഞാൻ അവനെ വഴക്ക് പറയുക മാത്രമേ ചെയ്തുള്ളൂ.അധികം വൈകാതെ ഞാൻ അതിന്റെ പേരിൽ അനുഭവിക്കുകയും ചെയ്തു. അന്ന് അവൻ സ്കൂളിലേയ്ക്കാണെന്നും പറഞ്ഞ് വീട്ടിൽ നിന്നും പോയത് സിനിമയ്ക്കായിരുന്നു. അമിതവേഗം കാരണം അവൻ ഒരു ലോറിയുടെ അടിയിൽ പെട്ടു. " ഇത്രയും പറഞ്ഞ് തീർന്നപ്പോൾ അദ്ദേഹം പൊട്ടിക്കരയാൻ തുടങ്ങി. ഞാൻ വീണ്ടും ചോദിച്ചു. അപ്പോൾ കരഞ്ഞുകലങ്ങിയ കണ്ണുകൾ തുടച്ചുകൊണ്ട് ഇടറിയ സ്വരത്തിൽ എന്നോട് പറഞ്ഞു , " അവൻ മരിച്ചു". സ്കൂൾ വിട്ട സമയത്ത് വീട്ടിൽ എത്തിയത് അവന്റെ ജീവനറ്റ ശരീരമായിരുന്നു. എന്റെ നെഞ്ച് വല്ലാതെ തേങ്ങി. ഞാൻ അവിടെ നിന്നും ഇറങ്ങി വന്നതാണ് ഇവിടേക്ക്.അതിനെക്കുറിച്ച് ആലോചിക്കുന്തോറും എന്റെ വിഷമം



എന്നെ കൊല്ലാതെ കൊല്ലുകയാണ്. എന്റെ പ്രിയ മകൻ , അവൻ എന്നെ വിട്ട് മറ്റേതോ ലോകത്തേക്ക് യാത്രയായി. ഒരിക്കലും തിരിച്ച് വരാത്ത വിധം അവൻ ദൂരേക്ക് കടന്നുപോയി. എന്റെ പൊന്നു മോൻ. എന്റെ ഭാഗത്താണ് തെറ്റ് . അവന് ഞാൻ ബൈക്ക് വാങ്ങി കൊടുക്കരുതായിരുന്നു.അല്ലെങ്കിൽ അന്നു തന്നെ ഞാൻ അവനെ വിലക്കേണ്ടതായിരുന്നു, ഇത്രയും വേഗത്തിൽ വണ്ടി ഓടിക്കരുത് എന്നു പറഞ്ഞ്. അപകടം നടന്ന സ്ഥലത്ത് ഉണ്ടായിരുന്ന ഒരാളിനെ ഞാൻ കണ്ടിരുന്നു. ഞാൻ അദ്ദേഹത്തോട് ചോദിച്ചു , എങ്ങനെയാണ് അപകടം പറ്റിയത് എന്ന്. അപ്പോൾ അദ്ദേഹം പറഞ്ഞത്, സിനിമ കഴിഞ്ഞ് മടങ്ങുന്ന വഴിക്ക് പോലീസ് വണ്ടിക്ക് കൈ കാണിച്ചു. ലൈസൻസ് ഇല്ലാത്തതിനാൽ അവൻ വണ്ടി നിറുത്തിയില്ല. പോലീസ് അവനെ പിൻതുടർന്നുവത്രേ ..അവരിൽ നിന്നും രക്ഷപ്പെടാനായി അവൻ വണ്ടിയുടെ വേഗത കൂട്ടി, വളവ് തിരിഞ്ഞ് ചെന്നു കയറിയത് ഒരു ലോറിക്കടിയിലേക്കായിരുന്നു. അങ്ങനെയാണ് അവൻ മരിച്ചത്. അവന് പതിനെട്ട് വയസ്സ് തികഞ്ഞിട്ട് ഞാൻ അവന് ബൈക്ക് വാങ്ങിക്കൊടുത്താൽ മതിയായിരുന്നു. എങ്കിൽ ഞാനും എന്റെ ഭാര്യയും ഇന്ന് അനാഥരാകില്ലായിരുന്നു. ഞങ്ങളുടെ മകനെ ഞങ്ങൾക്ക് നഷ്ടമാകുകയില്ലായിരുന്നു.എനിക്ക് വീട്ടിലേക്ക് പോകാനുള്ള മനസ്സ് വരുന്നില്ല. എന്റെ ഭാര്യയോട് ഞാൻ എന്ത് പറയും, അവളെ ഞാൻ എങ്ങനെ സമാധാനിപ്പിക്കും ? എനിക്കൊന്നും അറിയില്ല മോളെ.... ഇത്രയും പറഞ്ഞ് അദ്ദേഹം വീണ്ടും കരയാൻ തുടങ്ങി. അദ്ദേഹത്തിന്റെ കണ്ണിൽ നിന്നും നഷ്ടങ്ങളുടെ വേദന എന്താണെന്ന് ഞാൻ മനസ്സിലാക്കി. അദ്ദേഹത്തിന്റെ കണ്ണിൽ ജ്വലിക്കുന്നത് ഒരച്ഛന്റെ വേദനയാണ്. താൻ സ്നേഹിച്ച വളർത്തിയ മകന്റെ മരണം അദ്ദേഹത്തെ വല്ലാതെ തളർത്തിക്കളഞ്ഞു.

# രക്ഷയ്ക്ക് ഒരു വള്ളി



ഒരിയ്ക്കൽ കിച്ചു എന്നുപേരുള്ള ഒരു സിംഹക്കുട്ടി നാടുകാണാനിറങ്ങി. വഴിയിൽ വച്ച് നീളമുള്ള ഒരു വള്ളി കിച്ചുവിനുകിട്ടി. ആവശ്യമില്ലെങ്കിൽ പോലും കിച്ചു അതെടുത്തു. അതിൽ നീളമുള്ള ഒരു കമ്പും കെട്ടിയിട്ടുണ്ടായിരുന്നു. ആരോ ഉപേക്ഷിച്ച വള്ളിയാണ് അതെന്ന് കിച്ചുവിന് മനസ്സിലായി. അവൻ വെറുതെ അതിനെ എറിഞ്ഞ് കളിച്ചുകൊണ്ടേയിരുന്നു. അങ്ങനെ കളിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പെട്ടെന്ന് ഒരു വലിയ ശബ്ദത്തോടെ അവൻ ഒരു കുഴിയിലേക്ക് വീണു. എന്തു ചെയ്യണമെന്നറിയാതെ അവൻ നിന്നു. പെട്ടെന്ന് തന്റെ കൈയിലിരിക്കുന്ന വള്ളിയെക്കുറിച്ച് അവൻ ഓർമ്മിച്ചു. ഉടൻ അവൻ ആ വള്ളിയെ മുകളിലേക്കെറിഞ്ഞു. വള്ളിയിൽ കെട്ടിയിരുന്ന വലിയ കമ്പ് ഒരു മരത്തിൽ തടഞ്ഞുനിന്നു. അവൻ ആ വള്ളിയിൽ പിടിച്ചുകയറി രക്ഷപ്പെട്ടു. എന്നിട്ട്

അവൻ ആ വള്ളി അഴിച്ചെടുത്ത് കുഴിയിലേക്കിട്ടു. ഒരു വള്ളി കൈയിൽ ഉണ്ടായിരുന്നതുകൊണ്ട് തനിക്ക് രക്ഷപ്പെടാൻ പറ്റി. ഇനി ആരെങ്കിലും ആ കുഴിയിലേക്ക് വീണാൽ ഒരു പക്ഷേ രക്ഷപ്പെടാൻ ഒന്നും കിട്ടിയില്ലായെങ്കിലോ.......അതുകൊണ്ടാവാം കിച്ചു അങ്ങനെ ചെയ്തത് .

അഹല്യാകൃഷ്ണ എൻ എ
9 D

**********************************


Thank you


little
KITEs


little
KITEs